Registered
No. M. 889

THE Travancore Government Gazette

തിരുവിതാംകോട്ടു സർക്കാർ ഗസെററ

PUBLISHED BY AUTHORITY EVERY TUESDAY.
ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു

VOL. L.] TRIVANDRUM, TUESDAY, 16th July, 1912. / 1st Karkadakam, 1087. No. 29.
വാല്യം ൫൦. തിരുവനന്തപുരം. ൧൯൧൨ ജൂലൈ ൧൬ / ൧൦൮൭ കർക്കടകം ൧ ചൊവ്വാഴ്ച. നംബർ ൨൯.

CONTENTS.

PART I.

	Page.
Appointments, &c.	1421
Government Proceedings	1428
Notification re the reservation of a forest	1439
Notification re issue of licenses for the sale of foreign liquor ...	1441
Exemption of certain ferries &c., from Regulation I of 1084 ...	1442
Notification re payment of batta to cartmen	ib
Notification re the reciprocal issues and payments of money-orders between the Anchal Offices in Travancore and Cochin .	1443,1446
Resolution regarding certificate of identity to Indian students and others visiting England	1445
Modification to the Education Code, Chapter XVII	1447
Notice re the supply of articles for Agrasala	1457
Government of India Notification re Three and a half per cent. Loan ...	1470
Financial Statements	1475
Notice re the bonus of a dead policy-holder	1478
Corrections to the Forest Code ...	ib

ഒന്നാം ഭാഗം

	പേജ്
നിയമനം മുതലായതു ...	[illegible]
ഗവർമ്മെണ്ടു പ്രൊസീഡിംഗ്സ് ...	[illegible]
ഒഴിച്ചിടപ്പെട്ട വനങ്ങളെപ്പറ്റിയുള്ള പരസ്യം ...	[illegible]
വിദേശമദ്യങ്ങളെ വില്ക്കുന്നതിനു ലൈസൻസ് കൊടുക്കുന്നതിനെപ്പറ്റിയുള്ള പരസ്യം	[illegible]
ചില കടവു [illegible] ഒഴിവാക്കിയതിനെപ്പറ്റിയുള്ള പരസ്യം	[illegible]
വണ്ടിക്കാർക്കു ബാററാ കൊടുക്കുന്നതിനെ പററിയുള്ള പരസ്യം	[illegible]
തിരുവിതാംകൂറും കൊച്ചിയും തമ്മിലുള്ള അഞ്ചൽ മണിയോർഡർ ഏർപ്പാടിനെ പററിയുള്ള പരസ്യം ...	[illegible]
ഇംഗ്ലണ്ടു സന്ദർശിക്കാനായി പോകുന്ന ആളുകളെ തെളിയിക്കുന്നതിനെ പററിയുള്ള പരസ്യം	[illegible]
എഡ്യൂക്കേഷൻ കോഡിലെ ചില ഭേദഗതികളെപ്പററിയുള്ള പരസ്യം	[illegible]
അഗ്രശാല വകക്കു വേണ്ട സാമാനങ്ങൾ കരാറുകളായി ഏല്പിക്കുന്നതിനെപ്പററിയുള്ള പരസ്യം	[illegible]
ഇന്ത്യാ ഗവർമ്മെണ്ടുവക പരസ്യം ...	[illegible]
ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ ...	[illegible]
[illegible] പരസ്യം ...	[illegible]
ഫോറസ്റ്റുകോഡിനു [illegible] ...	[illegible]

Page

Part II.

	Page
Notice from the District Magistrate, Trivandrum...	715
Notice from the Palace	716
List of Books available for sale at the Govt. Press	717
Notice inviting tenders for the supply of certain articles for the Museum and Public Gardens ...	719, 735
Notices from the Trivandrum Pam-vagai Maramat Cutcherry	721
Notice *re* compensation to owners of lands acquired for Government use.	722, 728
Notice *re* sale of Tank-beds ...	723
Notice from the Pathanapuram Taluk Cutcherry	725
Notices from the Trivandrum Taluk Cutcherry	726
Notice *re* the opening of a ganja store-house at Santharavar ...	727
Notice from the Trivandrum Division Cutcherry	730, 737
Notices from the Trivandrum and Kottayam Division Assistant's Offices	735
Notice from the Devikulam First Class Magistrate	737
Notice from the Royal Stables	739
Notice from the Kottarakara Taluk Cutcherry	743
Notices from the Kottayam and Quilon Munsiff's Courts...	*ib*
Private Advertisements	744

Agricultural Department.
Anchal Department.
Education Department.
Excise Department.
Forest Department.
Medical and Sanitary Departments.
Military Department.
Police Department.
Public Works Department.
Registration Department.
Survey Department.
Trivandrum Observatory Returns.
Season Report.
Calendar and Price list.
Notice *re* issue of Departmental Sheets.
Notice regarding the timely despatch of matter for insertion in the Gazette.
Notice regarding communications for Government Gazette.
List of Holidays.

പെജ്

രണ്ടാം ഭാഗം

	പെജ്
തിരുവനന്തപുരം ഡിസ്ത്രിക്ട് മജിസ്ത്രേട്ട വക പരസ്യം	൭൧൫
കൊട്ടാരം വകക്കു വേണ്ടസാമാനങ്ങൾക്കു ടെൻഡറു അയക്കേണ്ടതിനെപ്പറ്റിയുള്ള പരസ്യം	൭൧൬
സർക്കാർ അച്ചുക്കൂടത്തിൽ നിന്നും വിൽക്കാനുള്ള പുസ്തകങ്ങളുടെ ലിസ്റ്റ ...	൭൧൭
തിരുവനന്തപുരം കാഴ്ചബംഗ്ലാവിലും തോട്ടത്തിലും ആവശ്യമുള്ള സാമാനങ്ങൾ എ്റ്റെടുക്കുന്നതിനു ടെൻഡറു കൊടുക്കുന്നതിനെപ്പറ്റിയുള്ള പരസ്യം	൭൧൯, ൭൩൫
തിരുവനന്തപുരം പണിവകമരാമത്തു കച്ചേരിവക പരസ്യം ...	൭൨൧
സർക്കാർ ആവശ്യങ്ങൾക്കായി സ്ഥലം എടുത്തതിന്റെ പ്രതിഫലം കൊടുക്കുന്നതിനെപ്പറ്റിയുള്ള പരസ്യം ...	൭൨൨, ൭൨൮
കുളങ്ങൾ ലേലത്തിൽ വില്പിക്കുന്നതിനെപ്പറ്റിയുള്ള പരസ്യം	൭൨൩
പത്തനാപുരം താലൂക്ക കച്ചേരി വക പരസ്യം	൭൨൫
തിരുവനന്തപുരം താലൂക്കുകച്ചേരിവക പരസ്യം	൭൨൬
സാന്താവാർ എന്ന സ്ഥലത്തു ഒരു ഗഞ്ചാ സ്റ്റോർ ഏൎപ്പെടുത്തിയിരിക്കുന്നതിനെപ്പറ്റിയുള്ള പരസ്യം ...	൭൨൭
തിരുവനന്തപുരം ഡിവിഷൻകച്ചേരി വക പരസ്യം	൭൩൦, ൭൩൭
തിരുവനന്തപുരവും കൊട്ടയവും ഡിവിഷൻ അസിസ്റ്റൻറ ആഫീസു വക പരസ്യം	൭൩൫
ദേവികുളം ഒന്നാം ക്ലാസ്സു മജിസ്ത്രേട്ട വക പരസ്യം	൭൩൭
സർക്കാർ ലായം വക പരസ്യം	൭൩൯
കൊട്ടാരക്കര താലൂക്ക കച്ചേരിവക പരസ്യം ...	൭൪൩
കോട്ടയം മുൻസിപ്പുകോട്ടവക പരസ്യം	,,
കൊല്ലം പ്രിൻസിപ്പാൽ മുൻസിപ്പുകോട്ട വക പരസ്യം	,,
പ്രൈവെററ പരസ്യം ...	൭൪൪

കൃഷിവക ഡിപ്പാർട്ടുമെണ്ടു
അഞ്ചൽ ഡിപ്പാർട്ടുമെണ്ടു
എഡ്യുക്കേഷൻ ഡിപ്പാർട്ടുമെണ്ടു
എക്സൈസു ഡിപ്പാർട്ടുമെണ്ടു
ഫാറസ്റ്റ് ഡിപ്പാർട്ടുമെണ്ടു
മെഡിക്കലും സാനിട്ടേരിയും ഡിപ്പാർട്ടുമെണ്ടുകൾ
മിലിട്ടറി ഡിപ്പാർട്ടുമെണ്ടു
പൊലീസു ഡിപ്പാർട്ടുമെണ്ടു
പബ്ലിക വർക്സ് ഡിപ്പാർട്ട്മെണ്ടു
രെജിസ്ത്രേഷൻ ഡിപ്പാർട്ടുമെൻറ
സർവെ ഡിപ്പാർട്ടുമെൻറ
നക്ഷത്രബംഗ്ലാ കണക്ക
കാലാവസ്ഥറിപ്പോർട്ട
പഞ്ചാംഗവും നിരക്കും
ഡിപ്പാർട്ടുമെൻറൽ ഷീററുകൾ വിലക്കുകൊടുക്കുന്നതിനെ പറ്റിയുള്ള പരസ്യം
ഗസെററിൽ ചേൎക്കേണ്ടസംഗതികൾ കാലെ അയക്കണമെന്ന വിവരിച്ച നോട്ടീസു
സർക്കാർ ഗസററിലേക്കു വേണ്ടി അപേക്ഷ എഴുതുകളെ കുറിച്ചുറിയുള്ള പരസ്യം
കച്ചേരിഒഴിവുദിവസങ്ങൾ

Part I—ഒന്നാം ഭാഗം

Revenue and Magistracy.

RESUMPTION OF CHARGE.

No. 300.

M. R. Ry. V. A. Krishna Iyer Avergal, B. A. & B. L., Tahsildar and Second Class Magistrate, Ambalapuzha taluk, returned from leave and resumed charge of his duties, on the forenoon of the 18th Mithunam 1087.

No. 301.

M. R. Ry. K. Padmanabhan Tampi Avergal, B. A. & B. L., Tahsildar and First Class Magistrate, Kartigapalli taluk, returned from leave and resumed charge of his duties, on the forenoon of the 17th Mithunam 1087.

Huzur Cutcherry, Trivandrum, 13th July 1912.

A. J. VIEYRA,
Chief Secretary to Government.

Excise Department.

APPOINTMENT.

No. 302.

Mr. P. T. Thomas, B. A., Clerk, Excise Commissioner's Office, is appointed to act as 3rd grade Excise Inspector, Colachel Customs and Salt Factory, during the absence of Mr. H. R. Gunther, 1st grade Excise Inspector, on two months' privilege leave.

LEAVE OF ABSENCE.

No. 303.

Mr. J. T. Morais, 3rd grade Excise Inspector, Thottoor Vettical range, combined privilege leave and sick leave for one month and 8 days, with effect from 19-8-1087.

Huzur Cutcherry, Trivandrum, 13th July 1912.

A. J. VIEYRA,
Chief Secretary to Government.

Museum and Public Gardens.

RESUMPTION OF CHARGE.

Mr. A. J. Vieyra, Director, Government Museum and Public Gardens, returned from leave and resumed charge of his duties on the forenoon of the 1st July 1912.

Huzur Cutcherry, Trivandrum, 13th July 1912.

A. J. VIEYRA,
Chief Secretary to Government.

Public Works Department.

LEAVE OF ABSENCE.

G. No. 298/P. W. 4156.

M. R. Ry. S. E. Vaikuntam Iyer Avergal, B. A., B. C. E., Executive Engineer, First Grade, has been granted 28 days' privilege leave and one year and 22 days' sick leave with effect from the 4th Auny 1087, forenoon.

TRANSFERS AND POSTINGS.

M. R. Ry. V. Arunachalam Iyer Avergal, B. A., B. E., Assistant Engineer on special duty in the Head Quarters Sub-Division, Trivandrum, to be in charge of the Southern Division as Officiating Executive Engineer *vice* M. R. Ry. S. E. Vaikuntam Iyer Avergal, Executive Engineer on leave, or until further orders.

HANDING OVER AND ASSUMPTION OF CHARGE.

M. R. Ry. V. Arunachalam Iyer Avergal, B. A., B. E., Assistant Engineer, was relieved from his special duty on the afternoon of the 29th Vycasy 1087, and he assumed charge of the Southern Division on the 3rd Auny 1087 afternoon.

Huzur Cutcherry, Trivandrum, 10th July 1912.

A. J. VIEYRA,
Chief Secretary to Government.

റെവന്യൂവും മജിസ്ട്രേസിയും

തിരികെ ചാർജ്ജേറ്റ വിവരം

നമ്പർ ൩൦൦.

അമ്പലപ്പുഴ താലൂക്ക തഹശീൽദാരും രണ്ടാം ക്ലാസ് മജിസ്ത്രേട്ടുമായ മ. രാ. രാ. വി. എ. ക്രിഷ്ണയ്യർ ബി. എ. ബി. എൽ. അവർകൾ അവധി കഴിഞ്ഞു തിരിച്ചു വന്നു ൧൦൯൭-മാണ്ടു മിഥുനം ൨൭-ഉച്ചയ്ക്കുമുമ്പു ചാർജ്ജേറ്റ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

നമ്പർ ൩൦൧

കാർത്തികപ്പള്ളി താലൂക്ക തഹശീൽദാരും ഒന്നാം ക്ലാസ് മജിസ്ത്രേട്ടുമായ മ. രാ. രാ. കെ. പത്മനാഭൻതമ്പി ബി. എ. ബി. എൽ. അവർകൾ അവധി കഴിഞ്ഞു വന്നു ൧൦൯൭-മാണ്ടു മിഥുനമാസം ൨൭-ഉച്ചക്കുമുമ്പു ചാർജ്ജേറ്റ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൨൨ ജൂലായി ൧൩-

എ. ജെ. വിയറാ,
ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി.

എക്സൈസ് ഡിപ്പാർട്ടുമെണ്ടു.

നിയമനം.

നമ്പർ ൩൦൨.

ഒന്നാം ഗ്രേഡ് എക്സൈസ് ഇൻസ്പെക്ടർ എച്ച്. ആർ. ഹണ്ടർ രണ്ടു മാസത്തെ പ്രിവിലേജ് അവധിയിൽ ഇരിക്കുന്ന കാലത്തു എക്സൈസ് കമ്മീഷണർ ആഫീസ് ക്ലാർക്ക മിസ്റ്റർ പി. റ്റി. താമസ് ബി. എ. യെ ൩-ാം ഗ്രേഡ് എക്സൈസ് ഇൻസ്പെക്ടരായി കുളച്ചൽ ചൌക്കയും ഉപ്പളവും കാര്യം വിചാരിക്കുന്നതിനു നിയമിച്ചിരിക്കുന്നു.

അവധികൊടുത്തവിവരം.

നമ്പർ ൩൦൩.

തോട്ടൂർ വെട്ടിക്കൽ റേഞ്ചു ൩-ാം ഗ്രേഡ് എക്സൈസ് ഇൻസ്പെക്ടർ മിസ്റ്റർ ജെ. ടി. മൊറേസിനു ൧൦൯൭-ൽ ൧൯-ന്നു മുതൽ ഒരു മാസവും ൯ ദിവസവും കാലത്തേക്കു പ്രിവിലേജ് അവധിയും ദീനചികിത്സക്കുള്ള അവധിയും ചേർന്ന അവധി കൊടുത്തിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൨൨ ജൂലായി ൧൩-

എ. ജെ. വിയറാ,
ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി.

മ്യൂസിയവും പബ്ലിക് തോട്ടവും

തിരികെ ജോലിയിൽ പ്രവേശിച്ച വിവരം

ഗവർണ്മെണ്ടു മ്യൂസിയത്തിലേയും പബ്ലിക ഗാർഡൻസിലേയും ഡൈറക്ടർ മിസ്റ്റർ എ. ജെ. വിയറാ അവധി കഴിഞ്ഞു വന്നു ൧൯൨൨ ജൂലൈ ൧൩- ഉച്ചയ്ക്കുമുമ്പെ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൨൨ ജൂലായി ൧൩-

എ. ജെ. വിയറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടെറി

പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറ.

അവധി കൊടുത്ത വിവരം

ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് എൻജിനീയർ മ. രാ. രാ. എസ. ഇ. വൈകുണ്ഠം അയ്യർ ബി. എ. ബി. സി. ഇ. അവർകൾക്കു ൧൦൯൭ ആനിമാസം ൪-ന്നു ഉച്ചയ്ക്കുമുമ്പു മുതൽ ൧൫ ദിവസത്തെ പ്രിവിലെജ് അവധിയും ഒരു വർഷവും ൨൦ ദിവസത്തേക്കു ദീനചികിത്സക്കുള്ള അവധിയും കൊടുത്തിരിക്കുന്നു.

സ്ഥലംമാററവും സ്ഥലനിയമനവും

എക്സിക്യൂട്ടീവ് എൻജിനീയർ മ. രാ. രാ. വൈകുണ്ഠം അയ്യർ അവർകൾ അവധിയിൽ ഇരിക്കുന്ന കാലത്തിലൊ വേറെ ഒരു ഉത്തരവുണ്ടാകുന്നതുവരെയൊ തിരുവനന്തപുരം ഹെഡ്ക്വാർട്ടേർസ് സബ് ഡിവിഷനിൽ വിശേഷാൽ ജോലിയിൽ ഇരിക്കുന്ന അസിസ്റ്റണ്ടു എൻജിനിയർ മ. രാ. രാ. അരുണാചലമയ്യർ ബി. എ. ബി. ഇ. അവർകൾ ആക്ടിങ്ങായിട്ടു എക്സിക്യൂട്ടീവ് എൻജിനീയർ ആയി തെക്കൻ ഡിവിഷനിലെ ചാർജ്ജ് ആയിരിക്കേണ്ടതാകുന്നു.

ചാർജ്ജേററ വിവരം.

അസിസ്റ്റണ്ടു എൻജിനിയർ മ. രാ. രാ. വി. അരുണാചലമയ്യർ ബി. എ. ബി. ഇ. വിശേഷാൽ ജോലിയിൽ നിന്നും ൧൦൯൭ വൈകാശിമാസം ൨൯-ന്നു ഉച്ചയ്ക്കുമേൽ വിടുർത്തപ്പെടുകയും ൧൦൯൭ ആനിമാസം ൩-ന്നു ഉച്ചയ്ക്കുമേൽ തെക്കൻ ഡിവിഷൻ ചാർജ്ജേററ ജോലിയിൽ പ്രവേശിക്കയും ചെയ്തു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൨൨ ജൂലായി ൧൩-

എ. ജെ. വിയറാ,
ഗവർണ്മെണ്ടു ചീഫ്സെക്രട്ടറി.

Proceedings of the Government of His Highness the Maha Raja of Travancore.

Read again :—

(1) G. O. No. 11445/L. R., dated the 24th November 1909, sanctioning the appointment of a separate Treasury Officer for the Alleppey Treasury.

(2) G. O. No. 2509/Fl., dated the 8th July 1911, sanctioning the introduction of the Pre-audit system for service payments in the Trivandrum town.

Read also :—

(3) Letter No. 1950, dated the 1st October 1911, from the Senior Dewan Peishkar, Trivandrum.

(4) Letter No. 2482, dated the 8th October 1911, from the Senior Dewan Peishkar, Trivandrum.

(5) Letter No. 2839, dated the 19th October 1911, from the Senior Dewan Peishkar, Trivandrum.

(6) Letter No. 9032, dated the 28th February 1912, from the Senior Dewan Peishkar, Trivandrum.

(7) Letter No. 11342, dated the 12th April 1912, from the Senior Dewan Peishkar, Trivandrum.

In G. O. No. 2509/Fl., dated the 8th July 1911, the Government sanctioned the introduction of a system of Pre-audit for all service payments in the Trivandrum town. Consequently, the establishments of the Huzur Treasury and of the Trivandrum Taluk Treasury were reduced. The Government also placed the control of the Huzur Treasury under the Division Peishkar, Trivandrum, the treasury being styled "The Trivandrum Major Treasury". The Treasury Officer was included in the *cadre* of Tahsildars, as in the case of the Alleppey Treasury.

2. The Senior Dewan Peishkar, Trivandrum, has now brought to notice that the existing staff of the Trivandrum Major Treasury is not able to cope with the work in the treasury. He has accordingly applied for certain additional hands.

ORDER THEREON, No. 6531/L. R. & F., DATED TRIVANDRUM, 26TH JUNE 1912.

His Highness' Government resolve to assimilate, as far as possible, the staff of the Trivandrum Major Treasury and that of the Alleppey Major Treasury to that of the regular taluks, and also to revise the pay of the Taluk Treasurers generally.

I. The Trivandrum Major Treasury.

2. The Trivandrum Major Treasury Officer is in the regular grade of Tahsildars. He will remain so. The Government consider that it is necessary to have a Deputy Tahsildar in the Trivandrum Major Treasury, as in the taluks. A Deputy Tahsildar on Rs. (50) fifty per mensem is accordingly sanctioned for this treasury. He will be the *ex-officio* Head Accountant as well. In regard to the clerical staff, the Government note that, at present, there are four hands, including the Samprathi. The Government resolve to sanction five hands in all, and pay them according to the rates obtaining in the taluks, namely, the headman or Samprathi Rs. 30, two hands Rs. 25 each, and two Rs. 20 each. The Treasurer now gets Rs. 60, rising to Rs. 70 by annual increments of Rs. 5, and he has an assistant (a nominee of his own) on Rs. 20. These will continue unchanged. The inferior staff now consists of five Nottakars on Rs. 15 each, three Gollahs on Rs. 8 each, and two peons on Rs. 7 each. The number of Nottakars and Gollahs will remain unchanged. The number of peons is raised from two to three, the headman getting Rs. 8 and the other two Rs. 7 each.

II. The Alleppey Major Treasury.

3. The Treasury Officer of the Alleppey Major Treasury is a Tahsildar in one of the regular grades. He will continue so. The Government sanction the appointment of a Deputy Tahsildar (ex-officio Head Accountant) on Rs. 50 for this treasury also. Including the Head Accountant, there are now 7 hands in the treasury, one on Rs. 30, one on Rs. 25, one on Rs. 20, and four on Rs. 15 each. The Government

consider that a clerical staff similar to that sanctioned for the Trivandrum Major Treasury should be enough for the Alleppey Major Treasury. The Government accordingly sanction one headman or Samprathy on Rs. 30, two clerks on Rs. 25 each, and two on Rs. 20 each for this treasury. As regards the inferior staff, there are now two Nottakars, one on Rs. 12 and the other on Rs. 10, one Gollah on Rs. 8, and two peons on Rs. 7 each. The two Nottakars will continue, but they will be paid Rs. 15 each, as in Trivandrum. The number of Gollahs is raised to two, with a pay of Rs. 8 each. As in Trivandrum, the number of peons is raised to three, the headman getting Rs. 8 and the other two, Rs. 7 each. The Treasurer now gets a pay of Rs. 50, and he will continue on this pay. The Government sanction an Assistant Treasurer, (a nominee of the Treasurer,) as in Trivandrum, on Rs. 20 per mensem.

III. The Taluk Treasuries.

4. His Highness' Government consider that the pay of Rs. 25 fixed for the Taluk Treasurers is insufficient, seeing that they have to furnish a substantial security and that they have to be fairly respectable men. The Government therefore sanction two scales of pay to the Taluk Treasurers, one on Rs. 35 and the other on Rs. 30 per mensem. The Treasurers of the heavy treasuries of Quilon and Kottayam will be given Rs. 35 each, and all the other Treasurers Rs. 30 each per mensem. An Assistant Treasurer (a nominee of the Treasurer) and a Nottakaran, on Rs. 15 each per mensem, are also sanctioned for each of the treasuries of Quilon and Kottayam.

IV. Security.

5. At present every Deputy Tahsildar and every Samprathy has to give a security of Rs. 500. The Government consider that security is not necessary in the case of these officers, as they do not directly handle money. The Government direct that no security be demanded from the persons to be appointed to these posts hereafter and that the security deposited by the Deputy Tahsildars and Samprathies now in the service be duly refunded to them. The Taluk Treasurers now give a uniform security of Rs. 1,000 each. In view to the heavy volume of transactions at Quilon and Kottayam, the Government resolve to raise the security in these two cases to Rs. 2,500. The security in all the other taluks will be raised to Rs. 1,500. The Treasurer of the Trivandrum Major Treasury has given a security of Rs. 10,000 and that of Alleppey Rs. 5,000. These two securities will remain unchanged. The Nottakars do not give any security now. The Government direct that every Nottakaran should be called upon to furnish a security of Rs. 100.

V. Security Bonds.

6. In the case of the Assistant Treasurer at the Trivandrum Major Treasury and the Assistant Treasurers now sanctioned for the Alleppey, Quilon and Kottayam Major Treasuries, it should be made clear, in the Treasurers' bonds, that the assistants work on the *sole* responsibility—so far as the Government are concerned—of the Treasurers.

VI. General

7. The arrangements now sanctioned will come into force from the 1st Chingam 1088. The additional expenditure involved amounts to Rs. 4,764 per annum.

8. The Division Peishkars and the Superintendent, Devicolam Division, are requested to prepare and submit the necessary proposition statements for the formal sanction of the Government, as early as practicable.

(By Order,)
R. MAHADEVA IYER,
Ag. Chief Secretary to Government.

To,

All the Dewan Peishkars.
The Superintendent, Devicolam Division.
The Financial Secretary.
The Gazette.

Proceedings of the Government of His Highness the Maha Rajah of Travancore.

Read :—

Regulation VI of 1087, relating to Court Fees, passed by His Highness the Maha Raja on the 24th February 1912.

ORDER No. J. 4084, Dated TRIVANDRUM, 22ND JUNE 1912.

Clause (c) of Article I of Schedule II of the new Court Fees Regulation, VI of 1087, provides that a fee of two rupees shall be charged on applications or petitions "when presented to Our Government". Doubts have arisen as to (1) what petitions or applications are to be deemed petitions or applications to 'Our Government', and (2) the nature and class of petitions or applications (to whatever authority presented) liable to the payment of court fee.

2. Petitions on diverse subjects are now presented or sent by Anchal or by Post to His Highness the Maha Raja, to the Dewan, and to the Chief Secretary to Government. The first point for consideration is whether petitions to His Highness the Maha Raja may be considered as petitions to "Our Government" for the purpose of the Court Fees Regulation. Generally, petitions to His Highness on matters relating to the administration of any of the State Departments, are forwarded to the Dewan, and the final disposal either rests with him or is based on his recommendation. If such petitions are not to be considered as petitions to "Our Government", the consequence probably will be that petitions liable to Court fee will be sent to His Highness the Maha Raja direct in view to escape payment of the fee due. His Highness' Government therefore direct that, when a petition to His Highness the Maha Raja is receipted in the Huzur Office, it should be treated as a petition to "Our Government". Petitions to the Dewan direct and to the Chief Secretary to Government should, of course, be considered as petitions to "Our Government" and taxed accordingly.

3. Petitions or applications may be broadly grouped under two classes, *viz.*, (1) petitions preferred under the provisions of statutes or the rules framed thereunder, containing prayers for the exercise or non-exercise of some power conferred on the authority concerned by such statutes or rules, and (2) petitions asking for reliefs to be granted by the authority concerned in administrative or departmental matters. These latter relate to all manner of subjects which it is not possible to classify or enumerate. The question is whether both classes of petitions should be taxed, or only one, and if so which. Applications or petitions to the High Court or to any Court subordinate thereto are presented only in pursuance of Regulations or of the rules passed thereunder, and such applications or petitions only are liable to taxation under the Court Fees Regulation. The Government feel that, in this matter, all Heads of Departments and the Government are on the same footing as the Courts. His Highness' Government accordingly direct that applications or petitions to the Government or to the Head of a Department should be charged with court fee only if they are presented in connection with any proceeding which is being taken before the Government or such Head of a Department, *with a view to the exercise or non-exercise of some power or authority conferred upon the Government or upon such Head by some law or rule having the force of law.* Hence, applications for appointments or promotions that are not based upon any claim of right to any hereditary office, and applications for leave of absence, do not require to be stamped. Nor are appeals against the removal, dismissal, reduction or suspension of public servants, chargeable with fee, when the right of appeal is not conferred by any law or by any rule framed under any law. If the right of appeal be given by a Regulation or a rule framed under a Regulation, the appeal should be stamped. If a public servant prefers an appeal to a superior authority which has a power of control *specifically given*

by statute or statutory rules, the document presented is really in the nature of a revision petition and has to be stamped. Any application in the nature of appeal or otherwise, which may be made in pursuance of rules made by the Government, which are *purely departmental rules and are not and do not profess to be made under any statute,* will not be liable to the payment of court fee.

4. Another point that requires consideration in this connection is whether telegrams are to be treated as applications or petitions for the purpose of the Court Fees Regulation. Telegraphic messages sent to the Government or to public officers should be regarded as *oral communications* and consequently, applications made by telegraph should not be charged with duty. But no action should ordinarily be taken on a telegram, when it asks for the exercise of a power vested in the authority concerned by any law or by rule issued under any law, unless the telegram is followed by a *written* petition or application *duly stamped.*

(By Order),
R. MAHADEVA IYER,
Ag. Chief Secretary to Government.

To

1. All Heads of Departments & Offices.
2. The Gazette.

തിരുവിതാംകോട്ട ഗവർൺമെണ്ട് പ്രൊസീഡിംഗ്സ്

(൧) ആലപ്പുഴ ഖജനാവിലേക്ക ഒരു പ്രത്യേക ഖജനാ ആഫീസരെ നിയമിക്കുന്നതിനു അനുവദിക്കുന്നതായ ൧൦൮൬-ാംവൎഷം നവംബർമാസം ൨൯നു-യിലെ ൧൦൧൭൫ L/ R. നംബർ ഗവർൺമെണ്ടാജ്ഞയും

(൨) തിരുവനന്തപുരം പട്ടണത്തിലെ ശമ്പളം കൊടുക്കുന്നതിനായി പ്രീആഡിട് ഏൎപ്പാട നടപ്പാക്കുന്നതിലേക്ക അനുവദിക്കുന്നതായ ൧൦൮൭-ാം വൎഷം ജൂലൈമാസം ൧൭നു-യിലെ നംബർ ൨൯൦൯/Fl. ഗവർൺമെണ്ടു ആജ്ഞയും വീണ്ടും വായിച്ചു.

(൩) തിരുവനന്തപുരം സീനിയർ ദിവാൻപേഷ്കാർ അയച്ച ൧൦൮൭-ാംവൎഷം അക്ടോബർമാസം ൧൦നു-യിലെ നംബർ ൧൯൫ ലെട്ടറും

(൪) തിരുവനന്തപുരം സീനിയർദിവാൻപേഷ്കാർ അയച്ച ൧൦൮൭-ാം വൎഷംഅക്ടോബർ മാസം ൧൭നു-യിലെ നംബർ ൨൪൭൨ ലെട്ടറും

(൫) തിരുവനന്തപുരം സീനിയർദിവാൻപേഷ്കാർ അയച്ച ൧൦൮൭-ാം വൎഷം അക്ടോബർമാസം ൧൯നു-യിലെ നംബർ ൨൭൨൯ ലെട്ടറും

(൬) തിരുവനന്തപുരം സീനിയർ ദിവാൻപേഷ്കാർ അയച്ച ൧൦൮൭-ാം വൎഷം ഫെബ്രുവരിമാസം ൨൭നു-യിലെ നംബർ ൩൦൨൨ ലെട്ടറും

(൭) തിരുവനന്തപുരം സീനിയർ ദിവാൻപേഷ്കാർ ൧൦൮൭-ാം വൎഷം ഏപ്രിൽമാസം ൧൨നു-യിലെ നംബർ ൧൦൨൪൨ ലെട്ടറും കൂടി വായിച്ചു.

൧൦൮൬-ാം വൎഷം ജൂലൈ മാസം ൧൭നു-യിലെ Fl. ൨൯൦൯-ാം നംബർ ഗവർണ്മെണ്ടു ആജ്ഞയിൽ തിരുവനന്തപുരം പട്ടണത്തിൽ എല്ലാ സൎവീസ് ഡിപ്പാൎട്ടുമെണ്ടുകൾക്കും പ്രീആഡിട് ഏൎപ്പാട നടപ്പാക്കുന്നതിനു ഗവർമെണ്ട് അനുവദിച്ചു. അതു നിമിത്തം ഹജൂർഖജനാവിലേയും തിരുവനന്തപുരം താലൂക്ക ഖജനാവിലേയും ജീവനക്കാരുടെ എണ്ണത്തെ കുറച്ചു. ഹജൂർഖജനാവിനു തിരുവനന്തപുരത്തെ മേജർ ട്രെഷറി എന്നു പേരു കൊടുത്തു ഗവർൺമെണ്ട് അതിന്റെ നിയന്ത്രണത്തെ തിരുവനന്തപുരം ഡിവിഷൻപേഷ്കാരുടെ കീഴിൽ ആക്കുകയും ചെയ്തു. ട്രെഷറിആഫീസരെ, ആലപ്പുഴ ഖജനാവിലെ കാൎയ്യത്തിൽ എന്നപോലെ, തഹശീൽദാർ എന്നവൎഗ്ഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

൨. തിരുവനന്തപുരത്തിലുള്ള മേജർട്രെഷറിയിൽ ഇപ്പോഴുള്ള ജീവനക്കാർ ആ ഖജനാവിലെ ജോലി വഹിക്കുന്നതിനു മതിയാകാത്തതായിരിക്കുന്നു എന്നു തിരുവനന്തപുരത്തു സീനിയർ ഡിവാൺപേഷ്കാർ ബോധിപ്പിച്ചിരിക്കുന്നു. അതുകൊണ്ടു ഏതാനും കൂടുതൽ ജീവനക്കാരെ നിയമിക്കണം എന്നും അദ്ദേഹം അപേക്ഷിച്ചിരിക്കുന്നു.

അതിന്മേൽ ചെയ്ത ഉത്തരവു നംബർ L. R. & F. ൩൭൬൧ തിരുവനന്തപുരം ൧൦൮൭-ാം വൎഷം ജൂൺമാസം ൧൨നു-

തിരുവനന്തപുരം മേജർ ട്രെഷറിയിലെ ജീവനക്കാരേയും ആലപ്പുഴ മേജർ ട്രെഷറി ജീവനക്കാരേയും ക്രമപ്രകാരമുള്ള താലൂക്ക ജീവനക്കാരോടു കഴിയുന്നിടത്തോളം സദൃശമാക്കണമെന്നും പൊതുവെ താലൂക്ക മുതൽപിടിക്കാരുടെ ശമ്പളത്തെ പുതുക്കണംഎന്നും ഗവർമെണ്ട് നിശ്ചയിക്കുന്നു.

I തിരുവനന്തപുരം മേജർ ട്രെഷറി

൧. തിരുവനന്തപുരത്തെ മേജർട്രെഷറി ആഫീസർ തഹശീൽദാരുടെ ഗ്രേഡിൽ ക്രമപ്രകാരമുള്ള ഉദ്യോഗസ്ഥൻ ആകുന്നു, അദ്ദേഹം മേലും അപ്രകാരം ഇരിക്കുന്നതാകുന്നു. താലൂക്കുകളിൽ എന്നപോലെ, തിരുവനന്തപുരം മേജർ ട്രെഷറിയിൽ, ഒരു ഡെപ്യൂട്ടിതഹശീൽദാർ ഉണ്ടായിരിക്കേണ്ടതു ആവശ്യമെന്നു തോന്നുന്നു. അതനുസരിച്ചു ൩൦ ഖജനാവിലേക്ക മാസം ഒന്നുക്ക ൫൦ (അമ്പതു) രൂപാ ശമ്പളത്തിൽ ഒരു ഡെപ്യൂട്ടിതഹശീൽദാരെ അനുവദിച്ചിരിക്കുന്നു. അയാൾ സ്വോദ്യോഗാംഗമായി ഹെഡ് അക്കൌണ്ടന്റായും ഇരിക്കുന്നതാകുന്നു. എഴുത്തുജോലികൾ നടത്തുന്ന ജീവനക്കാരുടെ കാൎയ്യത്തിലാകട്ടെ ഇപ്പോൾ സമ്പ്രതി ഉൾപ്പെടെ നാലുപേർ ഉണ്ടു എന്നു ഗവർൺമെണ്ടു കാണുന്നു. അതുകൂടാതെ അഞ്ചു ജീവനക്കാരെ അനുവദിക്കണം, എന്നുംഅവൎക്ക താലൂക്കുകളിൽ കൊടുത്തുവരുന്ന തോതിനു ശമ്പളം കൊടുക്കണംഎന്നും, അതാവിതു, സമ്പ്രതിക്ക ൩൦ രൂപായും രണ്ടുപേൎക്ക ൨൫ രൂപാ വീതവും രണ്ടു പേൎക്ക ൨൦ രൂപാവീതവും കൊടുക്കണമെന്നും, ഗവർൺമെണ്ട് നിശ്ചയിക്കുന്നു. ട്രെഷറൎക്ക ഇപ്പോൾ ൩൦ രൂപായിൽതുടങ്ങി ആണ്ടുതോറും ൫ രൂപാ കൂടുതലോടുകൂടി ൬൦ രൂപാ വരെ കൂടുന്നതായ ശമ്പ

ളും ഉണ്ടു. അയാൾക്കു ൨൦ രൂപാ ശമ്പളത്തിൽ ഒരു അസിസ്റ്റന്റും ഉണ്ടു. ഈ അസിസ്റ്റന്റു ഷെറോഫരുടെ ആൾപ്പേരും ആകുന്നു. ഇവരെല്ലാം മാറ്റപ്പെടാതെ നടക്കുന്നതാകുന്നു. കീഴ്ത്തരത്തിലുള്ള ജീവനക്കാരായി ൧൫ രൂപാ വീതം ശമ്പളത്തിൽ ൩ നോട്ടക്കാരും ൮ രൂപാ വീതം ശമ്പളത്തിൽ ൰ കൊല്ലശേവുകക്കാരും ൭ രൂപാ വീതം ശമ്പളത്തിൽ ൨ ശിപായിമാരും ഉണ്ടു. നോട്ടക്കാരുടേയും കൊല്ലശേവുകക്കാരുടേയും എണ്ണം മേലും മാറ്റംകൂടാതെ ഇരിക്കുന്നതാകുന്നു. ശിപായിമാരുടെ എണ്ണത്തെ ൨ ൽ നിന്നു ൩ ആക്കി കൂട്ടിയിരിക്കുന്നു. ഇവരിൽ മൂത്തശിപായിക്കു ൮ രൂപായും മറ്റു രണ്ടുപേർക്കും ൭ രൂപാ വീതവും ശമ്പളം ഉണ്ടായിരിക്കാവുന്നതാകുന്നു.

II ആലപ്പുഴ മേജർഷെറോഫി

൩. ആലപ്പുഴ മേജർഷെറോഫ്ആഫീസർ തഹശീൽദാരുടെ ഗ്രേഡിൽ ക്രമപ്രകാരമുള്ള ഉദ്യോഗസ്ഥൻ ആകുന്നു. അദ്ദേഹം മേലും അപ്രകാരം ഇരിക്കുന്നതാകുന്നു. ഈ ഷെറോഫിക്കു ൩൦ രൂപാ ശമ്പളത്തിൽ ഒരു ഡെപ്യൂട്ടി തഹശീൽദാരെ നിയമിക്കുന്നതിനു ഗവർന്മെന്റ് അനുവദിക്കുന്നു. അയാൾ സ്ഥാനിയോഗമായി ഹെഡ്അക്കൗണ്ടന്റായും ഇരിക്കുന്നതാകുന്നു. ഹെഡ്അക്കൗണ്ടന്റ് ഉൾപ്പെടെ ഇപ്പോൾ ഈ ഖജനാവിൽ ൭ ജീവനക്കാർ ഉണ്ടു. ൩൦ രൂപാ ശമ്പളത്തിൽ ഒരാളും ൨൫ രൂപാ ശമ്പളത്തിൽ ഒന്നും ൨൦ രൂപാ ശമ്പളത്തിൽ ഒന്നും ൧൫ രൂപാ ശമ്പളത്തിൽ നാലും ഇങ്ങനെ ൭ പേർ ഉണ്ടു. തിരുവനന്തപുരം മേജർഷെറോഫിക്കു എഴുത്തുജോലിവകക്കു അനുവദിച്ചിട്ടുള്ളതായ ജീവനക്കാർക്കു ഒപ്പം ജീവനക്കാർ ആലപ്പുഴ മേജർ ഷെറോഫിക്കും മതിയായിരിക്കും എന്നു ഗവർന്മെന്റ് വിചാരിക്കുന്നു. അതുകൊണ്ടു ഈ ഷെറോഫിക്കു ൩൦ രൂപാ ശമ്പളത്തിൽ ഒരു സമ്പ്രതിയും ൨൫ രൂപാവീതംശമ്പളത്തിൽ ൨ ക്ലാർക്കുമാരും ൨൦ രൂപാവീതം ശമ്പളത്തിൽ ൨ ക്ലാർക്കുമാരും ഇങ്ങനെ൫ പേരെ അനുവദിക്കുന്നു. കീഴ്ത്തരം ജീവനക്കാരായി ഒരാൾക്കു ൧൨ രൂപായും മറ്റൊരു ആൾക്കു ൧൦ രൂപായും വീതം ശമ്പളമുള്ള രണ്ടു നോട്ടക്കാരും ൮ രൂപാ ശമ്പളത്തിൽ ഒരു കൊല്ലശേവുക്കാരനും ൭ രൂപാ വീതം ശമ്പളത്തിൽ രണ്ടു ശിപായിമാരും ഇപ്പോൾ ഉണ്ടു, രണ്ടുനോട്ടക്കാർ മേലും ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ തിരുവനന്തപുരത്തിൽ എന്നപോലെ ഓരോരുത്തർക്കും ൧൫ രൂപാവീതം ശമ്പളം ഉണ്ടായിരിക്കുന്നതാകുന്നു. കൊല്ലശേവുകക്കാരുടെ എണ്ണത്തെ ൮ രൂപാ വീതംശമ്പളത്തിൽ ൨ ആക്കി കൂട്ടിയിരിക്കുന്നു തിരുവനന്തപുരത്തിൽ എന്നപോലെ ശിപായിമാരുടെ എണ്ണത്തെ ൩ ആക്കി കൂട്ടിയിരിക്കുന്നു. അതിൽ മൂത്ത ആൾക്കു ൮ രൂപായും മറ്റു ൨പേർക്കും ൭ രൂപാ വീതവും ശമ്പളം ഉണ്ടായിരിക്കുന്നതാകുന്നു. ഷെറോഫിക്കു ഇപ്പോൾ ൫൦ രൂപാ ശമ്പളവും ഉണ്ടു. അയാൾക്കു മേലും ഇതേ ശമ്പളം ഇരിക്കുന്നതാകുന്നു. തിരുവനന്തപുരത്തിലെന്നപോലെ മാസം ഒന്നുക്കു ൨൦ രൂപാ വീതം ശമ്പളത്തിൽ ഒരു അസിസ്റ്റന്റ് ഷെറോഫരെ ഗവർന്മെന്റ് അനുവദിക്കുന്നു. ഈയാൾ ഷെറോഫരുടെ സ്വന്തആളായി നിയമിക്കപ്പെടുന്ന ആളായിരിക്കുന്നതാകുന്നു.

III താലൂക്കു ഖജനാവുകൾ

൪. താലൂക്കു മുതൽപിടിക്കാർ ഒരു സാരമായ തുകജാമ്യമായി കൊടുക്കേണ്ടിയിരിക്കുന്നതുകൊണ്ടും സാമാന്യം മാന മര്യാദയുള്ള ആളുകളായിരിക്കേണ്ടതുകൊണ്ടും അവർക്കു ഇപ്പോഴുള്ള ൨൫ രൂപാ ശമ്പളം മതിയാകാത്തതാണെന്നു ഗവർന്മെന്റ് വിചാരിക്കുന്നു. അതുകൊണ്ടു താലൂക്കു മുതൽപിടിക്കാർക്കു മാസം ഒന്നുക്കു ൩൫ രൂപാ വീതം ശമ്പളത്തിൽ ഒരു തരവും മാസം ഒന്നുക്കു ൩൦ രൂപാ വീതം ശമ്പളത്തിൽ മറ്റൊരു തരവും ഇങ്ങനെ രണ്ടു തരത്തിൽ ശമ്പളം അനുവദിക്കുന്നു. കൊല്ലത്തും കോട്ടയത്തും ഉള്ള ജോലി അധികമുള്ള ഖജനാവുകളിലെ മുതൽപിടിക്കാർക്കു ഓരോരുത്തർക്കു മാസം ഒന്നുക്കു ൩൫ രൂപാ വീതവും മറ്റെല്ലാ മുതൽപിടിക്കാർക്കും ഓരോരുത്തർക്കു മാസം ഒന്നുക്കു ൩൦ രൂപാ വീതവും ശമ്പളം കൊടുക്കുന്നതാകുന്നു. കൊല്ലത്തെ ഖജനാവിലേക്കും കോട്ടയത്തെ ഖജനാവിലേക്കും മാസം ഒന്നുക്കു ൧൫ രൂപാ വീതം ശമ്പളത്തിൽ ഒരു അസിസ്റ്റന്റ് ഷെറോഫരേയും ഒരു നോട്ടക്കാരനേയും കൂടി അനുവദിച്ചിരിക്കുന്നു. അസിസ്റ്റന്റു ഷെറോഫർ മുതൽപിടിക്കാരന്റെ സ്വന്ത ആളായി നിയമിക്കപ്പെടുന്ന ആളായിരിക്കുന്നതാകുന്നു.

IV ജാമ്യം

൫. ഓരോ ഡെപ്യൂട്ടി തഹശീൽദാർക്കും ഓരോ സമ്പ്രതിക്കും ഇപ്പോൾ ൫൦൦ രൂപാ വീതം ജാമ്യം കൊടുക്കേണ്ടിയിരിക്കുന്നു. ഈ ഉദ്യോഗസ്ഥന്മാർക്കു നേരിട്ടു പണം കൈകാര്യം ചെയ്യാനില്ലാത്തതുകൊണ്ടു ഇവർക്കു ജാമ്യം ആവശ്യമില്ല എന്നു ഗവർന്മെന്റ് വിചാരിക്കുന്നു. മേലാൽ ഈ ജീവനങ്ങൾക്കു നിയമിക്കപ്പെടുന്ന ആളുകളിൽ നിന്നു ജാമ്യം ആവശ്യപ്പെടേണ്ടാ എന്നും. ഇപ്പോൾ ജീവനത്തിൽ ഇരിക്കുന്ന ഡെപ്യൂട്ടിതഹശീൽദാർമാരും സമ്പ്രതിമാരും കൊടുത്തിട്ടു

ള്ള ജാമ്യത്തുകയെ അവർക്കു മുറപോലെ തിരിയെ കൊടുക്കണം എന്നും ഗവർന്മെന്റ് ആജ്ഞാപിക്കുന്നു. താലൂക്ക മുതൽപിടിക്കാർ ഓരോരുത്തരും ഇപ്പോൾ ഒരേവിധത്തിൽ ൫൦൦ രൂപവീതം ജാമ്യം കൊടുക്കുന്നു. കൊല്ലത്തും കോട്ടയത്തും പണം കൊടുക്കൽ വാങ്ങലുകൾ അധികമയ വലിപ്പത്തിലുള്ളതിനെ ഗണിച്ചു ഈ രണ്ടു സ്ഥലങ്ങളിലും ഉള്ള ജാമ്യത്തെ ൨൫൦൦ രൂപയായി കൂട്ടണമെന്നു ഗവർന്മെന്റ നിശ്ചയിക്കുന്നു. മറ്റെല്ലാ താലൂക്കുകളിലും ഈ വക ജാമ്യത്തെ ൧൫൦൦ രൂപായായി കൂട്ടുന്നതാകുന്നു. തിരുവനന്തപുരം മേജർട്രെഷറിയിലെ സ്രാപ്പു ൫൦൦൦ രൂപായും ആലപ്പുഴ മേജർട്രെഷറിയിലെ സ്രാപ്പു ൫൦൦൦ രൂപായും ജാമ്യം കൊടുത്തിട്ടുണ്ടു. ഈ രണ്ടു ജാമ്യങ്ങളും മേൽ മാററമില്ലാതെ ഇരിക്കുന്നതാകുന്നു. നോട്ടക്കാർ ഇപ്പോൾ യാതൊരു ജാമ്യവും കൊടുക്കുന്നില്ല. ഓരോ നോട്ടക്കാരനും ൫൦൦ രൂപാ ജാമ്യം കൊടുക്കേണ്ടതാണെന്നു ആവശ്യപ്പെടേണ്ടതാകുന്നു എന്നു ഗവർന്മെന്റ് ആജ്ഞാപിക്കുന്നു.

V ജാമ്യച്ചീട്ടു

൩൭. തിരുവനന്തപുരം മേജർട്രെഷറിയിലുള്ള അസിസ്റ്റന്റു ട്രെഷററുടേയും ആലപ്പുഴയിലും കൊല്ലത്തും കോട്ടയത്തും ഉള്ള മേജർട്രെഷറികൾക്ക ഇപ്പോൾ അനുവദിച്ചിട്ടുള്ള അസിസ്റ്റന്റു ട്രെഷറർമാരുടേയും കാര്യത്തിൽ, ഗവർന്മെന്റിനെ സംബന്ധിച്ചിടത്തോളം, അസിസ്റ്റന്റുമാർ ട്രെഷറർമാരുടെ മാത്രം ഉത്തരവാദിത്വത്തിന്മേൽ ജോലി ചെയ്യുന്നു എന്നു ട്രെഷറർമാരുടെ ജാമ്യച്ചീട്ടുകളിൽ വ്യക്തമായി വിവരിച്ചിരിക്കേണ്ടതാകുന്നു

VI സാമാന്യം

൧. ഇപ്പോൾ അനുവദിക്കുന്ന ഏർപ്പാടുകൾ ൧൦൮൮ മാണ്ടു ചിങ്ങമാസം ൧൬-൹ മുതൽ നടപ്പാകുന്നതാകുന്നു. ഇതിനാൽ ജനിക്കുന്ന ചിലവു ആണ്ടൊന്നുക്കു [illegible] രൂപായാകുന്നു

൨. ഗവർന്മെന്റിന്റെ മുറപ്രകാരമുള്ള അനുവാദത്തിലേക്കായി ആവശ്യമുള്ള പ്രൊപ്പൊസിഷൻ സ്റ്റേറ്റുമെന്റുകൾ ഡിവിഷൻപേഷ്കാർമാരും ദേവികുളം ഡിവിഷനിലെ സൂപ്രണ്ടെണ്ടും കഴിയുന്നവേഗത്തിൽ തയാറാക്കി അയക്കേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ആ: ഗവർന്മെന്റു ചീഫ്സെക്രിട്ടറി,
ആർ. മഹാദേവയ്യർ.

എല്ലാ ദിവാൻ പേഷ്കാർമാൎക്കും
ദേവികുളം ഡിവിഷൻ സൂപ്രണ്ടെണ്ടിനു
ഫൈനാൻഷ്യൽ സെക്രിട്ടറിക്കും
ഗസററിലേക്ക

(A True Translation)
K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ട ഗവർണ്മെണ്ട പ്രൊസീഡിംഗ്സ്.

വൈദ്യ സംബന്ധമായ സഹായധനം കൊടുക്കുന്ന വകക്ക ൧൦൮൪-ം വർഷം ഏപ്രിൽ മാസം ൨൧-ാം ഉണ്ടാക്കിയ പുതുക്കിയ ചട്ടങ്ങൾ വീണ്ടും വായിച്ചു.

അതിന്മേൽ ചെയ്ത ഉത്തരവു G. നമ്പ്ര ൭ തിരുവനന്തപുരം
൧൯൧൦ ജൂൺ ൧൭-ാം

൧൦൭൦-ാമാണ്ടിൽ ഗവർണ്മെണ്ട് നടത്തിവന്നതായി ൧൭ ആശുപത്രികളും ൧൯ ഡിസ്പെൻസറികളും ൭ വിശേഷാൽ വൈദ്യസ്ഥാപനങ്ങളും ഉണ്ടായിരുന്നു. ഗവർണ്മെണ്ട് സ്ഥാപനങ്ങൾ നൽകുന്നതായ വൈദ്യസഹായത്തിനു പുറമെ തത്പൂരകമായി കുടിവക വൈദ്യസ്ഥാപനങ്ങൾക്ക സാഹായികധനങ്ങൾ കൊടുക്കുന്ന ഏർപ്പാട ൧൦൮൦-ാമാണ്ടു ആരംഭം മുതൽ നടപ്പാക്കപ്പെട്ടു

൨. ഈ ചട്ടങ്ങൾ നടപ്പിൽ വന്നതിൽ പിന്നെ കഴിഞ്ഞതായ ൧൯ വർഷം കാലത്തിനിടക്ക ൩ കുടിവക ആശുപത്രികൾക്കും ൯ കുടിവക ഡിസ്പെൻസറികൾക്കും ൧ കുടിവക കുഷ്ഠരോഗ ആശുപത്രിക്കും സഹായധനം കൊടുത്തുവരുന്നുണ്ടു. ഇവയിൽ ആകെയുള്ള ൩ ആശുപത്രികളും ൯ ഡിസ്പെൻസറികളിൽ ഒന്നും കുഷ്ഠരോഗ ആശുപത്രിയും മിഷ്യനറി സംഘക്കാർ നടത്തിവരുന്നവയാകുന്നു ശേഷം ഉള്ള ൮ ഡിസ്പെൻസറികൾ പ്ലാണ്ടർമാർ സംരക്ഷിച്ചു നടത്തിവരുന്നു. ഇക്കാലത്തിനിടക്ക ൪ ആശുപത്രികളും ഒരു കുഷ്ഠരോഗ ആശുപത്രിയും ൧൦ ഡിസ്പെൻസറികളും ഗവർണ്മെണ്ട് ഏറ്റെടുത്തിട്ടുണ്ടു. ഇപ്രകാരം ഗവർണ്മെണ്ട് വകയായി ഇപ്പോൾ ൭൯ ആതുരശാലകൾ ഉണ്ടു.

൩. സർക്കാർവക ആതുരശാലകൾ ഇപ്പോൾ സംസ്ഥാനം ഒട്ടുക്ക എല്ലാ പ്രദേശങ്ങളിലും ശരിയാകുംവണ്ണം വീതിച്ചു കൊടുക്കപ്പെട്ടിരിക്കുന്നുണ്ടു. ൨ വൈദ്യശാലകൾ ഉള്ളതായ കുന്നത്തുനാട്ട താലൂക്ക ഒഴിച്ചു ഓരോ താലൂക്കിലും ഒന്നോ അധികമൊ ഏണ്ണം സർക്കാർ ആതുരശാലകൾ ഉണ്ടു. ഇതിനും പുറമെ ൩൭ വൈദ്യശാലകൾ ഉണ്ടു. ഇവയും സംസ്ഥാനം ഒട്ടുക്ക ശരിയായ വിധത്തിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്ന ഇപ്രകാരം വൈദ്യസഹായം എല്ലാ ജനങ്ങൾക്കും എളുപ്പത്തിൽ കിട്ടത്തക്ക വിധത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

൪. ഇപ്പോൾ സഹായധനങ്ങൾ വാങ്ങിക്കുന്ന കുടിവക വൈദ്യസ്ഥാപനങ്ങളുടെ പ്രയോജകത്വത്തെ ഗവർണ്മെണ്ട് സന്തോഷപുരസ്സരം അംഗീകരിക്കുന്നതോടുകൂടി കുടിവക വൈദ്യസ്ഥാപനങ്ങൾക്ക സഹായധനം കൊടുക്കുന്ന മാർഗ്ഗത്തിൽ കൂടുതലായി പ്രവർത്തിക്കേണ്ടതു ആവശ്യമില്ല എന്നു ഗവർണ്മെണ്ട് വിചാരിക്കുന്നു. അതുകൊണ്ടു വൈദ്യ സംബന്ധമായ സഹായധനങ്ങൾ കൊടുക്കുന്ന വിഷയത്തെപറ്റി ൧൦൮൪-ം വർഷം ഏപ്രിൽമാസം ൨൧-ാം ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ സംസ്ഥാനത്തിൽ ഇപ്പോൾ സഹായധനം വാങ്ങിക്കുന്ന സ്ഥാപനങ്ങൾക്ക മാത്രമേ മേലാൽ സംബന്ധിക്കുന്നവയായിരിക്കയുള്ളു. എന്നു ഗവർണ്മെണ്ട് ആജ്ഞാപിക്കുന്നു. ഇനിമേൽ നൂതനമായി യാതൊരു ഗ്രാണ്ടും അനുവദിക്കുന്നതല്ല എന്നു അക്ഷമാകുന്നിടത്തോളം ആ ചട്ടങ്ങൾ റദ്ദാക്കപ്പെട്ടതായി ഗണിക്കപ്പെടേണ്ടതും ആകുന്നു.

ഉത്തരവിൻപ്രകാരം,
ആ. ഗവർണ്മെണ്ട് ചീഫ്സെക്രട്ടെരി.
ആർ. മഹാദേവയ്യർ.

(A true translation)
K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ട ഗവർൺമെണ്ട് പ്രൊസീഡിംഗ്സ്.

(൧) ജീവനങ്ങൾ ഒരും നിയമിക്കമുതലായ സംഗതികളിൽ ഡിവിഷൻപേഷ്കാർമാർക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതായ ൧൦൮൦-ാംവർഷം ജൂൺമാസം ൨൦-ാംതീയതിയിലെ L. R. ൩൭൪൦ നംബർ ഗവർമെണ്ടാജ്ഞയും,

(൨) ദേവികുളം ഡിവിഷൻ സൂപ്പർഇണ്ടെണ്ടിന്റെ അധികാരങ്ങൾകൂട്ടി കൊടുക്കുന്നതായ ൧൦൮൬-ാംവർഷം മാർച്ച്മാസം ൩-ാംതീയതിയിലെ L. R. ൧൦൮൧-ാംനംബർ ഗവർമെണ്ടാജ്ഞയും,

(൩) അവരുടെ കീഴിലുള്ള ജീവനക്കാർക്ക പ്രിവിലേജ്അവധി കൊടുക്കുന്നസംഗതിയിൽ മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാർക്ക് അധികാരങ്ങൾകൂട്ടി കൊടുക്കുന്നതായ ൧൦൮൭-ാംവർഷം മാർച്ച്മാസം ൭-ാംതീയതിയിലെ L. R. ൧൦൦൭-ാംനംബർ ഗവർമെണ്ടാജ്ഞയും വീണ്ടും വായിച്ചു.

അഡിഷൻചെയ്യഉത്തരവു L. R. ൭൪൯ തിരുവനന്തപുരം ൧൦൮൭-ാംവർഷം ജൂൺമാസം ൨൭-

തങ്ങളുടെ കീഴിലുള്ള ജീവനക്കാരെ അറസ്റ്റുചെയ്ത പിരിക്കുന്നസംഗതിയിൽ ഡിവിഷൻപേഷ്കാർമാരുടേയും ദേവികുളം ഡിവിഷൻ സൂപ്പർഇണ്ടെണ്ടിന്റേയും അധികാരങ്ങളെ ഇനിയും ഗവർമെണ്ട് കൂട്ടുകയും മേൽ വായിച്ചതായ ആജ്ഞകൾഅനുസരിച്ച് അവർക്ക നിയമിക്കാൻ അധികാരമുള്ള അവരുടെ കീഴിലുള്ള ജീവനക്കാരെ തിരുവിതാംകോട്ട സർവീസ് റെഗുലേഷൻസിലെ വ്യവസ്ഥകൾക്ക ഉൾപ്പെട്ട അറസ്റ്റുചെയ്ത പിരിക്കുന്നതിനു മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാർക്ക അധികാരംകൊടുക്കയും ചെയ്തിരിക്കുന്നു.

(൨) തിരുവിതാംകോട്ട സർവീസ്റെഗുലേഷൻസുകളെ ഇതനുസരിച്ച് ഭേദപ്പെടുത്തുന്നതാകുന്നു

ഉത്തരവിൻപ്രകാരം
ആക്ടിംഗ് ഗവർമെണ്ട് ചീഫ്സെക്രട്ടറി
ആർ. മഹാദേവയ്യർ

എല്ലാഡിവിഷൻപേഷ്കാർമാർക്കും
ദേവികുളംഡിവിഷൻസൂപ്പർഇണ്ടെണ്ടിനു
ഗവർമെണ്ട് ഫൈനാൻഷ്യൽസെക്രട്ടറിക്ക
ഗസററിനു

A true translation),
K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ട ഗവർൺമെണ്ട്പ്രൊസീഡിംഗ്സ്.

൧൦൮൭-ാം വർഷം ഫെബ്രുവരിമാസം ൨൭-ാംതീയതിയിലെ Fl ൧൦൩൦-ാംനമ്പർ ഗവർമെണ്ട് ആജ്ഞ വീണ്ടും വായിച്ചു.

ചീഫ്എഞ്ജിനീർ ഗവർൺമെണ്ട് ചീഫ്സെക്രട്ടറിക്ക ൧൦൮൬-ാംവർഷം ഏപ്രിൽമാസം ൨൭-ാം ൩൦൨-ാംനംബരിലും ൧൦൮൭-ാംവർഷം ജാനുവരിമാസം ൨൯-ാം ൧൦൩൦-ാംനം ബരിലും അയച്ച ലട്ടറുകളേയും വായിച്ചു.

തലച്ചുമടായി സാമാനങ്ങൾ കടത്തികൊണ്ടുവരേണ്ടിയിരിക്കുന്നതായ വനപ്രദേശങ്ങളിൽ വഴിയാത്രയ്ക്കു അധികമായ ചെലവു നേരിടുന്നുഎന്നുള്ള വിവരത്തെ ചീഫ്എഞ്ജിനീർ മേൽ വായിച്ചതായ ലെറ്ററുകളിൽ ഗവർമെണ്ടിനെ ധരിപ്പിക്കുകയും ൨൦ മൈലിനു കീഴായുള്ള ദൂരങ്ങൾക്കുകൂടിയും ആ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ബത്ത കൊടുക്കണമെന്നു ശിപാർശചെയ്യുകയും ചെയ്തിരിക്കുന്നു.

൨. ഒരുസ്ഥലം പ്രത്യേകമായി അനുഭവമായോ ക്രമത്തിലധികം ചെലവുള്ളതായോ ഇരിക്കുന്ന കാരണത്തിന്മേൽ പ്രതിഫലമായി ലോക്കൽഅലവൻസ് കൊടുക്കുന്നതു ദേവികുളം താലൂക്കിലേക്കും പീരിമേട് താലൂക്കിലേക്കും മാത്രമായിട്ടാണ് മേൽ വായിച്ച ഗവർമെണ്ട് ആജ്ഞയിൽ നിയന്ത്രിച്ചിരിക്കുന്നു.

അഡിഷൻചെയ്യ ഉത്തരവു നംബർ Fl. ൨൦൮൭ തിരുവനന്തപുരം, ൧൦൮൭-ാംവർഷം ജൂൺ മാസം ൩൭-

ചീഫ്എഞ്ജിനീയരുടെ നിർദ്ദേശത്തെ ഗവർമെണ്ട ശ്രദ്ധാപൂർവം പര്യാലോചിച്ചു. മേൽ പ്രദേശങ്ങളിൽ ൨൦ മയിലിനകവിയാത്ത ദൂരത്തോളമുള്ള യാത്രകളിലേക്ക ആ ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ലഭിക്കുന്നതായ ദിവസേനയുള്ള അലവൻസ് ആ പ്രദേശങ്ങളിൽ യാത്രചെയ്യുന്നതിനുള്ള ചിലവിനെ നിർവഹിക്കുന്നതിനു സാധാരണമായി മതിയാകാതിരിക്കുന്നില്ല എന്നുള്ളതു തിരുവിതാംകോട്ടു ദേഹത്തിന്റെ അഭിപ്രായത്തോടുകൂടി ഗവർമെണ്ട് യോജിക്കയും ചെയ്യുന്നു നിയമിതാംകോട്ട സർവീസ്റെഗുലേഷൻസ് ൭൩൦ വകുപ്പനുസരിച്ച് ദിവസേനയുള്ള അലവൻസിനു പകരം ഉദ്യോഗസ്ഥന്മാർ ഒരു ദിവസത്തിൽ അവരുടെ യാത്രാചെലവു വാങ്ങിക്കൊള്ളുന്നതിനു അധികാരമുള്ള

ഹെഡ്ക്വാർട്ടേർസിൽനിന്ന അഞ്ചുമയിലിനു പുറമേയും ൨൦ മയിലിൽ കവിയാത്തതായുമുള്ള യാത്രകളെപ്പറ്റി, ആയാത്രമുഴുവനും മലംപ്രദേശങ്ങളുടെ അതിർത്തിക്കകത്തുതന്നെ ചെയ്യുന്നതായിരുന്നാൽ, ദിവസേനയുള്ള അലവൻസിനെ ഇഷ്ടംപോലെ മൈലേജായി മാററിക്കൊള്ളാമെന്ന ഗവർമെണ്ട് സന്തോഷപുരസ്സരം അനുവദിക്കുന്നു. ഒരംശം മലംപ്രദേശങ്ങളിലും ഒരംശം നാട്ടുപ്രദേശങ്ങളിലുമായി ൨൦ മയിലിനകത്തായി ദൂരം സഞ്ചരിക്കുന്ന ഉദ്യോഗസ്ഥന്മാക്കു സാധാരണമായി ചെല്ലാവുന്നതായ ദിവസേനയുള്ള അലവൻസിനേയോ വിശേഷാൽ അലവൻസിനേയോ മലംപ്രദേശങ്ങളുടെ അതിർത്തികൾക്കുള്ളിൽ നടത്തുന്നയാത്രാംശത്തിനുമാത്രം വിശേഷാൽ മയിലേജായി ഇഷ്ടംപോലെ മാററിക്കൊള്ളാവുന്നതാകുന്നു.

(൨) തിരുവിതാംകോട്ടു സർവീസ്റെഗുലേഷൻസിലെ ൧൯൦-ാംവകുപ്പിൽ മലംപ്രദേശമാണെന്നു വിവരിച്ചിട്ടുള്ള പ്രദേശങ്ങൾക്കു ൧൯൧൦-ാംവർഷം ഫെബ്രുവരിമാസം ൨൧-ലെ R. ൧൦൯൦-ാംനമ്പർ ഗവർമെണ്ടു ആജ്ഞയിൽ സ്വീകരിച്ചിരിക്കുന്ന രീതിയിൽ നിയന്ത്രണംചെയ്യേണ്ടതു ആവശ്യമാണെന്നു ഗവർമെണ്ട് വിചാരിക്കുന്നു. ട്രാവെലിംഗ് അലവൻസിന്റെ കാര്യത്തിലേക്കു ദേവികുളം താലൂക്കിനേയും പീരിമേട് താലൂക്കിനേയും മാത്രം മലംപ്രദേശങ്ങളാണെന്നു പ്രസിദ്ധപ്പെടുത്തുകയും ആ താലൂക്കുകളുടെ അതിർത്തികൾക്കകത്തു ചെയ്യുന്ന യാത്രകൾക്കുമാത്രം കൂടുതൽ റേട്ടിൽ ട്രാവെലിംഗ് അലവൻസ് കൊടുക്കയും ചെയ്താൽ മതിയെന്നു ഗവർമെണ്ട് അഭിപ്രായപ്പെടുന്നു. അതുകൊണ്ടു സർവീസ്റെഗുലേഷൻസിൽ ൧൯൦-ാം വകുപ്പിൽ മലംപ്രദേശങ്ങൾക്കു അനുവദിച്ചിട്ടുള്ള കൂടുതൽ നിരക്കിനുള്ള ട്രാവെലിംഗ് അലവൻസ് മേലാൽ ഈ രണ്ടു താലൂക്കുകൾക്കുമാത്രം കൊടുത്താൽമതിയെന്നു ഗവർമെണ്ട് ആജ്ഞാപിക്കുന്നു.

(൩) മേൽപറഞ്ഞ ഭേദഗതികൾ ൧൦൯൭-ാമാണ്ടു കർക്കടകമാസം ൧-നു-മുതൽ നടപ്പിൽ വരുന്നതാകുന്നു

(൪) സർവീസ്റെഗുലേഷൻസ് ഇതനുസരിച്ചു ഭേദപ്പെടുത്തി വന്നാക്കപ്പെടുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഫിനാൻഷ്യൻ സെക്രട്ടറി
പി. ആർ. രത്നമയ്യർ

എല്ലാ ഡിപ്പാർട്ട്മെന്റ മേലധികാരികൾക്കും
അക്കൌണ്ടാഫീസർക്കു
ജെനറലുംറവന്യൂവുംസെക്രട്ടേറിയററിലേക്കു
ഹെസൂറിനു

(A true translation)
K. CHIDAMBARA VADHYAR,
Head Translator to Government.

൧. പട്ടണപരിഷ്കരണ കമ്മിട്ടികളുടെ അധികാരങ്ങളെ കൂട്ടേണ്ടതിനെപ്പററി മിസ്റ്റർ എഫ്. പി. ഫർനാണ്ഡീസ്സും മിസ്റ്റർ വി. ശങ്കരനാരായണയ്യരും മിസ്റ്റർ കെ. കൃഷ്ണൻപണ്ടാലയും മിസ്റ്റർ എഫ്. എഫ്. മാക്കേയും മിസ്റ്റർ കെ. സി. മാമൻ മാപ്പിളയും പ്രജാസഭയുടെ സപ്തമയോഗത്തിൽ ബോധിപ്പിച്ച നിവേദനങ്ങളും

൨. ൧൦൮൭-ാംവർഷം നവംബർമാസം ൧൦-ാം G. 6150 നംബരിൽ അക്കൌണ്ട് ആഫിസർക്കു അയച്ച ലെട്ടരും

൩. ൧൦൮൭-ാം വർഷം ജനുവരിമാസം ൩൧-ാം T. G. 386/3765 നംബരിൽ അക്കൌണ്ടാഫിസർ അയച്ചലെട്ടരും പട്ടണപരിഷ്കരണകമ്മിററികളുടെ അധികാരങ്ങളെക്കൂട്ടേണ്ട വിഷയത്തെപ്പററി മിസ്റ്റർ എ. എം. കുമാരപിള്ളയും മിസ്റ്റർ എ. ഗോവിന്ദമേനോനും ശ്രീമൂലം പ്രജാസഭയുടെ അഷ്ടമയോഗത്തിൽ ബോധിപ്പിച്ച നിവേദനങ്ങളും വായിച്ചു.

൧. നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ഇവയിലുള്ള പട്ടണപരിഷ്കരണകമ്മിട്ടികളിലെ പ്രസിഡണ്ടുമാർക്കു ജീവനങ്ങൾക്കു ആളുകളെ നിയമിക്കുക മുതലായ സംഗതികളിൽ ഏതാനും അധികാരം കൊടുക്കുന്നതായി ൧൦൮൬-മാണ്ടു കുംഭമാസം ൧൭-ാംക്കു ൧൯൧൦-വർഷം മാർച്ചുമാസം ൧-ാം പ്രസിദ്ധപ്പെടുത്തിയ പരസ്യവും ആലുവാ, കായംകുളം, തിരുവല്ലാ, വൈക്കം ഈ പട്ടണങ്ങളിലുള്ള പട്ടണപരിഷ്കരണകമ്മിട്ടി പ്രസിഡണ്ടുമാർ ജീവനങ്ങൾക്കു ആളുകളെ നിയമിക്കമുതലായസംഗതികളിൽ ഏതാനും അധികാരം കൊടുക്കുന്നതിനായി ൧൯൧൧-ാം വർഷം അക്ടോബർമാസം ൨൪-ാം ഉണ്ടായ G. ൩൦൩൯ നംബർ പരസ്യവുംകൂടിവായിച്ചു.

൨. കമ്മിട്ടിവകയായ ചിലവുകൾ നടത്തുന്ന സംഗതിയിൽ കമ്മിട്ടികൾക്കു കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുന്നതു അഭിലഷണീയമാകുന്നു എന്നു തിരുവനന്തപുരം, നാഗർകോവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം ഈ പട്ടണങ്ങളിലുള്ള പട്ടണപരിഷ്കരണ കമ്മിട്ടികളിലെ യഥാക്രമം മെംബർമാരായ മിസ്റ്റർ എഫ്. പി. ഫർനാണ്ടീസും, മിസ്റ്റർ. വി. ശങ്കരനാരായണയ്യരും, മിസ്റ്റർ കെ. കൃഷ്ണൻ പണ്ടാലയും മിസ്റ്റർ എഫ്. എഫ്. മാക്കേയും മിസ്റ്റർ കെ സി മാമൻ മാപ്പിളയും, പ്രജാസഭയുടെ സപ്തമയോഗത്തിൽ ദീർഘമായി പ്രസംഗിച്ചു. മററഗവർണ്മെണ്ട് ഡിപ്പാർട്ടുമെണ്ടുകൾ എന്നപോലെ കമ്മിട്ടികളെ ബഡ്ജെട്ട് നിയന്ത്രണത്തിനും അക്കൌണ്ട് കോഡിലെ വ്യവസ്ഥകൾക്കും ഉൾപ്പെടുത്തുന്നുഎന്നും കമ്മിട്ടിയിലെ ജീവനക്കാരിൽ വല്ലമാററമൊ കമ്മിട്ടിവക മുതലിനെ വീണ്ടും വിഭജിച്ചു ചിലവാക്കുകയൊ ഇനംമാറി ചിലവാക്കുകയൊ ആവശ്യപ്പെടുന്നതായ ഏതുസംഗതിക്കും ഗവർണ്മെണ്ടനുവാദം വേണ്ടിയിരിക്കുന്നുഎന്നും അവർ ആവലാധി പറഞ്ഞു. കമ്മിററിവകപണങ്ങളെ ചിലവുചെയ്യുന്നതിൽ കമ്മിട്ടിയുടെ യുക്തംപോലെ നടത്തുന്നതിനായി കൂടുതൽ സ്വാതന്ത്ര്യം അവർക്കു കൊടുക്കണമെന്നും സാമാന്യമായി മേൽപരിശോധന മാത്രം ഗവർണ്മെണ്ട് നടത്തണമെന്നും മെംബർമാർ അപേക്ഷിച്ചു.

൩. കമ്മിട്ടിവക ജീവനക്കാരുടെ മേൽ ഉള്ള അധികാരം പ്രസിഡണ്ടുമാർക്കു ഇരിക്കാതെ കമ്മിട്ടിക്കാർക്കു ഉണ്ടായിരിക്കുന്നതു ആ ജീവനക്കാരുടെ അച്ചടക്കത്തിനും അധികം നല്ലതായഭരണത്തിനും വേണ്ടതാകുന്നുഎന്നു മിസ്റ്റർ കൃഷ്ണൻപണ്ടാലയും, മിസ്റ്റർ കെ. സി മാമൻ മാപ്പിളയും നിർദ്ദേശിക്കയും ചെയ്തു.

൪. പട്ടണപരിഷ്കരണകമ്മിട്ടികൾക്കു കൂടുതൽ അധികാരം കൊടുക്കുന്ന വിഷയത്തെപ്പററി നാഗർകോവിൽ പട്ടണപരിഷ്കരണ കമ്മിട്ടി മെംബർ മിസ്റ്റർ എ എം. കുമാരപിള്ള പ്രജാസഭയുടെ അഷ്ടമയോഗത്തിൽ വീണ്ടും ബോധിപ്പിച്ചു. ഒരു ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയെ മറെറാരു ഇനത്തിലേക്കായി ഇഷ്ടംപോലെചിലവുചെയ്യുന്നതിനുള്ള അധികാരം എങ്കിലും കമ്മിട്ടിക്കു കൊടുക്കേണ്ടതാണെന്നും ഒരിക്കൽ ബഡ്ജെട്ട് അനുവദിച്ചതിന്നാൽ വീണ്ടുംഗവർണ്മെണ്ടിലേക്കു എഴുതിചോദിക്കാതെ തന്നെ എല്ലാശരിയായ കാര്യങ്ങൾക്കും ആയി ബഡ്ജെട്ടുതുകകളെ കമ്മിററിഉപയോഗിച്ചുകൊള്ളുന്നതിനു അനുവദിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. ജീവനങ്ങൾക്കു ആളുകളെ നിയമിക്കുക മുതലായ അധികാരം കമ്മിററിക്കു ഉണ്ടായാൽ മാത്രമെ വേണ്ടവിധത്തിൽ ഭരണം നടത്തിപ്പു ഉണ്ടായിരിക്കയൊള്ളു എന്നുഅദ്ദേഹം പറഞ്ഞു. പാറശ്ശാല താലൂക്കുമെംബരായ മിസ്റ്റർ എ. ഗോവിന്ദമേനോനും മിസ്റ്റർ എ. എം. കുമാരപിള്ളയുടെ അഭിപ്രായങ്ങളോടു യോജിക്കുന്നതായി പറഞ്ഞു.

൫. കമ്മിട്ടികൾക്കു താഴെ എഴുതിയിരിക്കുന്ന അധികാരങ്ങൾ കൊടുക്കാമെന്നു ഫിനാൻഷ്യൽ സെക്രിട്ടെറി ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു:—

(൧) കമ്മിട്ടിയിലെ പ്രസിഡെണ്ട് സർക്കാരുദ്യോഗസ്ഥനായിരുന്നാലും അല്ലെങ്കിലും അടിയന്തിരമായസംഗതികളിൽ തന്റെ സ്വന്തഉത്തരവാദിത്വത്തിന്മേൽ പ്രവർത്തിക്കുന്നതിനുള്ളഅധികാരത്തിനൊഴികെയും തന്റെ പ്രവൃത്തിയെ പിന്നീടു കമ്മിട്ടി അംഗീകരിക്കുന്നതിനു ഉൾപ്പെട്ടുംപ്രസിഡെണ്ട് എന്നുള്ളതന്റെ നിലയിൽഅടങ്ങുന്നസംബന്ധമായ യാതൊരുഅധികാരവും പ്രസിഡെണ്ടിനു ഉണ്ടായിരിക്കരുതു.

(൨) ഓരോ കമ്മിട്ടിയിലേയും ബഡ്ജെട്ട് അനുവാദത്തിനായി ഗവർണ്മെണ്ടിലേക്കു സമർപ്പിക്കേണ്ടതും എന്നാൽ അനുവദിച്ചതുകകളെ മേജർ ഹെഡ് ഇനങ്ങളിൽ ഒന്നിൽനിന്നു മറ്റൊന്നിലേക്കായി മാറുന്നതൊഴിച്ചു മറ്റെല്ലാവിധത്തിലും കമ്മിററി ഇനംമാറി ചിലവുചെയ്യാവുന്നതും ആകുന്നു.

(൩) കമ്മിട്ടിവക കണ്ടിഞ്ജെണ്ട് ചിലവിനെ കമ്മിട്ടിക്കു ബോധിച്ചപോലെ ചിലവുചെയ്യാവുന്നതാകുന്നു എന്നാൽ കഴിവുള്ളപ്പോഴൊക്കെ സൌകര്യമുള്ളപ്പോഴൊ എല്ലാം ഗവർണ്മെണ്ട് നിശ്ചയിക്കുന്നതായ പ്രമാണമായ റേട്ട് അനുസരിച്ചു ആ കണക്കിനെ ആഡിട്ടുചെയ്യുന്നതാകുന്നു.

(൪) ബഡ്ജെട്ട് അനുവാദത്തിൽപ്പെട്ട താൽക്കാലികമായ ജീവനക്കാരെ ഏർപ്പെടുത്തുന്നതിനു കമ്മിട്ടികൾ അനുവദിക്കപ്പെടാവുന്നതാകുന്നു. എന്നാൽ സ്ഥിരം സംബന്ധികളിൽ മാററങ്ങൾ വല്ലതും ആവശ്യമുണ്ടെങ്കിൽ അതിലേക്കു ഇപ്പോഴത്തെപ്പോലെ ഗവർണ്മെണ്ടിന്റെ മുമ്പിൽകൂട്ടിയുള്ള അനുവാദം വേണ്ടതാകുന്നു

(൫) കമ്മിട്ടിവക ഗസററഡ് അല്ലാത്ത എല്ലാ ജീവനക്കാരേയും നിയമിക്കുന്നതിനു തീരുമാനിക്കുന്നതിനു ഉള്ള പൂർണ്ണാധികാരവും കമ്മിററികൾക്കു അനുവദിക്കാവുന്നതാകുന്നു എന്നാൽ ഗവർണ്മെണ്ടിലേക്കു അപ്പീൽ ചെയ്യുന്നതിനു പതിവുപോലെയുള്ള അവകാശം ഉണ്ടായിരിക്കണം.

(൬) എല്ലാ യാത്രകളേയും കമ്മിട്ടികൾ അനുവദിക്കാവുന്നതാകുന്നു.

അതിന്മേൽ ചെയ്ത ഉത്തരവ നമ്പർ G. ൩൭൧൧, തിരുവനന്തപുരം ൧൦൮൭ ാംവർഷം ജൂൺ മാസം ൨൭-

ഫൈനാൻഷ്യൽ സെക്രട്ടറിയുടെ (൧) (൨) (൩) (൪) (൬) ഈ നിർദ്ദേശങ്ങളെ ഗവർണ്മെണ്ട് സ്വീകരിക്കുന്നു. എന്നാൽ പടിക്കിലും കമ്മിട്ടികളുടെ കീഴിലുള്ള ജീവനക്കാരെ നിയമിക്കുക മാററുക മുതലായുള്ള അധികാരങ്ങളുടെ കാര്യത്തിൽ ആകട്ടെ ഈ അധികാരം ഇതുവരെ ഉള്ളതുപോലെ അധികാരം പ്രസിഡെണ്ടുമാർക്കുതന്നെവേണ്ടതാണെന്നും കമ്മിട്ടികൾക്കു ഉണ്ടായിരിക്കരുതു എന്നും ഗവർണ്മെണ്ടു വിചാരിക്കുന്നു മാസം ഒന്നുക്കു ൩൦ (മുപ്പതു) രൂപായിൽകവിയാതെ ശമ്പളമുള്ള അനുവദിച്ചിട്ടുള്ള ജീവനങ്ങളിൽ എല്ലാത്തിനും ആളാക്കുന്നതിനും പ്രസിഡെണ്ടുമാർക്കു നിയമിക്കാൻ അധികാരമുള്ള കീഴിലുള്ള ജീവനക്കാർക്കു കാലന്തോറമുള്ള ശമ്പളക്കൂടുതൽ കൊടുക്കുന്നതിനും നാഗരുകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ഈ പട്ടണങ്ങളിൽ ഉള്ള പട്ടണപരിഷ്കരണകമ്മിട്ടികളിലെ പ്രസിഡെണ്ടുമാർക്കു ഇപ്പോൾ അധികാരംഉണ്ടു. പ്രസിഡെണ്ടുമാർ നിയമിക്കുന്നതിനു അധികാരമുള്ള വല്ല ഉദ്യോഗസ്ഥനേയും തീരെ മാററുന്നതിനൊ തരം താഴ്ത്തുന്നതിനൊ സസ്പെണ്ട്ചെയ്യുന്നതിനൊ വേലവിടർത്തുന്നതിനൊ അയാളുടെ രാജി സ്വീകരിക്കുന്നതിനൊ ഇവയിലെ പ്രസിഡെണ്ടുമാർക്കു അധികാരമുണ്ടു. പുതുതായി ഏർപ്പെടുത്തപ്പെട്ട കമ്മിട്ടികളായ ആലുവാ, കായംകുളം, തിരുവല്ലാ, വൈക്കം ഇവിടങ്ങളിലെ കമ്മിററികളുടെ കാര്യത്തിൽആകട്ടെ മാസംഒന്നുക്കു പത്തു രൂപായിൽ കവിയാത്ത ശമ്പളമുള്ള ജീവനങ്ങളുടെ വിഷയത്തിൽഇതുപോലെയുള്ള അധികാരങ്ങൾ പ്രസിഡെണ്ടുമാർക്കു കൊടുത്തിട്ടുണ്ടു. നാഗരുകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ഇവിടങ്ങളിലുള്ള പട്ടണപരിഷ്കരണകമ്മിട്ടികളിലെപ്രസിഡെണ്ടുമാർക്കു ജീവനങ്ങൾക്കു ആളാക്കുന്നതിനും മററും ഉള്ള അധികാരങ്ങളെ ൩൦ (മുപ്പതു) രൂപായിൽ നിന്നു ൪൦ (നാല്പതു) രൂപായായും മററുപട്ടണപരിഷ്കരണ കമ്മിട്ടികളിലെ മെംബർമാരുടെ അധികാരങ്ങളെ ൧൦ (പത്തു) രൂപായിൽനിന്നു ൨൦ (ഇരുപതു) രൂപായായും ഇപ്പോൾ കൂട്ടിയിരിക്കുന്നു. ജീവനങ്ങൾക്കു ആളാക്കുക അവരെമാററുക മുതലായ കാര്യങ്ങളിൽ പ്രസിഡെണ്ടുമാർക്കുള്ള അധികാരം കണ്ടിഞ്ജെണ്ട് മുതലിൽ നിന്നു ശമ്പളംകൊടുത്തുവരുന്നതായ കമ്മിട്ടിയിലെ എല്ലാജീവനക്കാർക്കും വ്യാപിക്കുന്നതാകുന്നു

ഉത്തരവിൻപ്രകാരം,
ആർ. ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി,
ആർ. മഹാദേവയ്യർ.

പട്ടണപരിഷ്കരണ കമ്മിട്ടികളുടെ പ്രസിഡെണ്ടുമാർക്കു
ഫൈനാൻഷ്യൽ സെക്രട്ടറിയ്ക്കു
ഗസററിനു

(A true translation)

K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ട ഗവർൺമെണ്ട് പ്രൊസീഡിംഗ്സ്.

൧൦൮൭ ജൂൺമാസം ൨൧-ാം കല്പിച്ച അനുവദിച്ച കോർട്ഫീസിനെ സംബന്ധിച്ച ൧൦൮൬-മാണ്ടത്തെ ൬-ാം റെഗ്യുലേഷൻ വായിച്ചു.

ഉത്തരവു. നംബർ J. 4084. തിരുവനന്തപുരം ൧൦൮൭-ാം വർഷം ജൂൺ മാസം ൨൨.

"നമ്മുടെ ഗവർൺമെണ്ടിലേക്ക്" ബോധിപ്പിക്കുന്ന അപേക്ഷകൾക്കൊ ഹർജികൾക്കൊ രണ്ടു രൂപാ ഫീസ് ചുമത്തണമെന്നു ൧൦൮൬-മാണ്ടത്തെ ൬-ാം റെഗ്യുലേഷനായ പുതിയ കോർട്ഫീസ റെഗ്യുലേഷനിലെ രണ്ടാം പട്ടികയിൽ ൪-ാം നംബരിനത്തിലെ സി- ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. (൧) "നമ്മുടെ ഗവർൺമെണ്ടിൽ" ബോധിപ്പിക്കുന്ന ഹർജികളൊ അപേക്ഷകളൊ ആയി ഏതു വിധം അപേക്ഷകളേയൊ ഹർജികളേയൊ ഗണിക്കേണ്ടതാകുന്നു എന്നും (൨) ഏതുവിധം അധികാരസ്ഥന്മാരോടു ബോധിപ്പിക്കുന്നവ ആയിരുന്നാലും ഏതു സ്വഭാവത്തിലും ഇനത്തിലും ഉള്ളവയായ ഹർജികൾക്കോ അപേക്ഷകൾക്കോ കോർട്ഫീസ് ചുമത്തേണ്ടതാണെന്നും ഉള്ള സംഗതികളെക്കുറിച്ചു സംശയങ്ങൾ ജനിപ്പിച്ചിരിക്കുന്നു.

൨. വിവിധവിഷയങ്ങളെപ്പറ്റി ഹർജികൾ കൊട്ടാരത്തിലേക്കും ദിവാൻജിക്കും ഗവർൺമെണ്ട ചീഫ്‌സെക്രിട്ടേറിക്കും ഇപ്പോൾ നേരിട്ടു കൊടുക്കയൊ അഞ്ചൽ വഴിയൊ തപാൽവഴിയൊ അയക്കയൊ ചെയ്യപ്പെട്ടുവരുന്നു. ഇതിൽ ആലോചിക്കേണ്ടതായിട്ടുള്ള ഒന്നാമത്തെ സംഗതി കൊട്ടാരത്തിലേക്ക അയക്കുന്ന ഹർജികളെ കോർട്ഫീസ് റെഗ്യുലേഷന്റെ കാര്യത്തിനായി "നമ്മുടെ ഗവർൺമെണ്ടിലേക്കു" ബോധിപ്പിക്കുന്ന ഹർജികളായി വിചാരിക്കാമൊ എന്നാകുന്നു. സംസ്ഥാനത്തിലെ ഡിപ്പാർട്മെണ്ടിലെ വല്ലതിലേയും കാര്യഭരണത്തെ സംബന്ധിച്ച സംഗതികളെപ്പറ്റി കൊട്ടാരത്തിൽ ബോധിപ്പിക്കുന്ന ഹർജികൾ സാധാരണമായി ദിവാൻജിക്ക അയക്കപ്പെട്ടുവരുന്നു. അവയിന്മേലുള്ള അവസാനതീർച്ച ദിവാൻജിയിൽതന്നെ ഇരിക്കുകയൊ അല്ലെങ്കിൽ ദിവാൻജിയുടെ ശിപാർശയെ അടിസ്ഥാനപ്പെടുത്തിയിരിക്കുകയൊ ചെയ്യുന്നു. അപ്രകാരമുള്ള ഹർജികളെ "നമ്മുടെ ഗവർൺമെണ്ടി"ലേക്കുള്ള ഹർജികളായി ഗണിക്കുന്നില്ലെങ്കിൽ കോർട്ഫീസ് ചുമത്തേണ്ടതായ ഹർജികൾ അവയിലേക്ക ചുമത്തേണ്ട ഫീസ കൊടുക്കാതെ ഒഴിയുന്നതിലേക്കായി കൊട്ടാരത്തിലേക്ക നേരിട്ടു അയക്കപ്പെട്ടു എന്നുള്ള ഫലം ജനിക്കാം. അതുകൊണ്ടു കൊട്ടാരത്തിൽ ബോധിപ്പിക്കുന്ന ഒരു ഹർജി ഹജൂരാഫീസിൽ കിട്ടുമ്പോൾ അതിനെ "നമ്മുടെ ഗവർൺമെണ്ടി"ലേക്ക ബോധിപ്പിക്കുന്ന ഹർജിയായി ഗണിക്കേണ്ടതാകുന്നു എന്നു ഗവർൺമെണ്ട് ആജ്ഞാപിക്കുന്നു. നേരിട്ടു ദിവാൻജിയോടും ഗവർൺമെണ്ട് ചീഫ്‌സെക്രിട്ടേറിയോടും ബോധിപ്പിക്കുന്ന ഹർജികളെ നിശ്ചയമായും നമ്മുടെ ഗവർൺമെണ്ടിനോടു ബോധിപ്പിക്കുന്ന ഹർജിയായി ഗണിക്കേണ്ടതും അപ്രകാരം ഫീസ് ചുമത്തേണ്ടതും ആകുന്നു.

൩. ഹർജികളുടെയൊ അപേക്ഷകളുടെയൊ സ്ഥൂലമായി രണ്ടു ഇനങ്ങളായി വിഭജിക്കാവുന്നതാകുന്നു. എന്തെന്നാൽ (൧) നിയമങ്ങളിലെയൊ നിയമങ്ങൾ അനുസരിച്ചുണ്ടാക്കിട്ടുള്ള ചട്ടങ്ങളിലെയൊ വ്യവസ്ഥകൾ അനുസരിച്ചു ബോധിപ്പിക്കപ്പെടുന്നതും ആ വിധം നിയമങ്ങളാലൊ ചട്ടങ്ങളാലൊ സംബന്ധപ്പെട്ട അധികാരസ്ഥനു നൽകപ്പെട്ടിട്ടുള്ള വല്ല അധികാരവും നടത്തണമെന്നൊ നടത്താതിരിക്കണമെന്നൊ ഉള്ള അപേക്ഷകൾ അടങ്ങിയിരിക്കുന്നതും ആയ ഹർജികളും (൨) രാജ്യകാര്യസംഗതികളിലൊ ഡിപ്പാർട്മെണ്ടൽ സംഗതികളിലൊ ഉപശാന്തികൾ സംബന്ധപ്പെട്ട അധികാരസ്ഥൻ നൽകണം എന്നു അപേക്ഷിക്കുന്ന ഹർജികളും ആകുന്നു. ഈ രണ്ടാമത്തെ ഇനത്തിലുള്ളവ സകലവിധ വിഷയങ്ങളേയും സംബന്ധിച്ചവയാകുന്നു. അതുകൊണ്ടു അവയെ ഇനം തിരിക്കയൊ എണ്ണിപ്പറകയൊ ചെയ്യുന്നതു അശക്യം ആകുന്നു. ഇനി ആലോചിക്കാനുള്ള സംഗതി ഈ രണ്ടു ഇനം ഹർജികൾക്കും ഫീസ് ചുമത്തണമൊ, അതോ ഒന്നിലേക്കുമാത്രം മതിയെങ്കിൽ ഏതിലേക്ക, എന്നും ആകുന്നു. ഹൈക്കോട്ടിലേക്കൊ ഹൈക്കോട്ടിനു കീഴായ വല്ല കോട്ടിലേക്കൊ കൊടുക്കുന്ന അപേക്ഷകളൊ ഹർജികളൊ റെഗ്യുലേഷനുകൾ അനുസരിച്ചൊ റെഗ്യുലേഷൻപടി നടപ്പാക്കീട്ടുള്ള ചട്ടങ്ങൾ അനുസരിച്ചൊ മാത്രം കൊടുക്കപ്പെടുന്നവയും അങ്ങിനെയുള്ള അപേക്ഷകളൊ ഹർജികളൊ മാത്രം കോർട്ഫീസ് റെഗ്യുലേഷൻ അനുസരിച്ചു ഫീസ് ചുമത്തേണ്ടവയായിരിക്കുന്നതും ആകുന്നു. ഈ കാര്യത്തിൽ എല്ലാ ഡിപ്പാർട്മെണ്ട് മേലധികാരികളും ഗവർൺമെണ്ടും കോട്ടുകളെപ്പോലെയുള്ള അതേ നിലയിൽ ഇരിക്കുന്നു എന്നു ഗവർൺമെണ്ട് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

അതുകൊണ്ടു വല്ല നിയമത്താലൊ നിയമപ്രാബല്യമുള്ള ചട്ടത്താലൊ ഗവർന്മെന്റിന്റെ ഒരു ഡിപ്പാർട്ടുമെന്റ് മേലധികാരിക്കൊ നൽകപ്പെട്ടിട്ടുള്ള വല്ല അധികാരത്തെയൊ നടത്തുന്നതിനൊ ... ഉദ്യോഗസ്ഥന്മാരുടെ ... അപേക്ഷകളെ ഗവർന്മെന്റൊ ഒരു ഡിപ്പാർട്ടുമെന്റു മേലധികാരിയൊ ... നടത്തുന്ന വല്ല നടപടിയെയും സംബന്ധിച്ച ബോധിപ്പിക്കപ്പെടുന്നതായാൽ മാത്രം ആ അപേക്ഷകൾക്കൊ ഹർജികൾക്കൊ കോർട്ട്ഫീസ് ചുമത്തേണ്ടതാകുന്നു എന്നു ഗവർന്മെണ്ട് ആജ്ഞാപിക്കുന്നു. അതുകൊണ്ടു വല്ല പരമ്പരാഗതമായ ജീവനത്തിലേക്കും ഉള്ള അവകാശത്തിന്മേൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതല്ലാത്ത ജീവനനിയമനത്തിനൊ പ്രമോഷനിനൊ ആയുള്ള അപേക്ഷകൾക്കും അവധി കിട്ടണമെന്നുള്ള അപേക്ഷകൾക്കും മുദ്ര പത്രം ആവശ്യമല്ല. അപ്പീൽ ചെയ്യുന്നതിനുള്ള അവകാശം വല്ല നിയമത്താലൊ വല്ല നിയമവും അനുസരിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള വല്ല ചട്ടത്താലൊ നൽകപ്പെട്ടിട്ടില്ലാത്തതായിരിക്കുമ്പോൾ സർക്കാർ ജീവനക്കാരെ നീക്കുകയൊ തരം മാറ്റുകയൊ തരം താഴ്ത്തുകയൊ സസ്പെണ്ടു ചെയ്കയൊ ചെയ്തതിന്മേൽ ഉള്ള അപ്പീലുകൾക്കും ഫീസ് ചുമത്തേണ്ടതാകുന്നു. അപ്പീലിനുള്ള അവകാശം ഒരു റെഗുലേഷനാലൊ ഒരു റെഗുലേഷൻ അനുസരിച്ചുണ്ടാക്കപ്പെട്ട ചട്ടത്താലൊ കൊടുക്കപ്പെട്ടതായിരുന്നാൽ അപ്പീലിനു മുദ്രവില ചുമത്തേണ്ടതാകുന്നു. നിയമത്താലൊ നിയമപ്രകാരമുള്ള ചട്ടങ്ങളാലൊ കുറിക്കപ്പെട്ട ... നിയന്ത്രണാധികാരം ... ഉണ്ടായിരിക്കുന്ന ഒരു മേലധികാരിക്കു ഒരു സർക്കാർ ജീവനക്കാരൻ അപ്പീൽ ബോധിപ്പിക്കുമ്പോൾ ആ ബോധിപ്പിക്കുന്ന രേഖ വാസ്തവത്തിൽ ഒരു പരിശോധന ഹർജിയുടെ സ്വഭാവത്തിലുള്ളതും മുദ്ര പതിക്കേണ്ടതായുള്ളതും ആകുന്നു. ഡിപ്പാർട്ടുമെണ്ട് ചട്ടങ്ങളും വല്ല നിയമമനുസരിച്ചു ഉണ്ടാക്കപ്പെട്ടതല്ലാത്തതും വല്ല ... പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ... ഗവർന്മെണ്ടുകളിയ ചട്ടങ്ങളും അനുസരിച്ചു കൊടുക്കപ്പെടാവുന്ന അപ്പീലിന്റെ സ്വഭാവത്തിലൊ മറ്റു വിധത്തിലൊ ഉള്ള യാതൊരു അപേക്ഷയ്ക്കും കോർട്ട്ഫീസ് ചുമത്തേണ്ടതായിരിക്കയില്ല.

൪ ഇതു സംബന്ധമായി ആലോചിക്കേണ്ട മറ്റൊരു സംഗതി കമ്പിവർത്തമാനങ്ങളെ കോർട്ട്ഫീസ് റെഗുലേഷനിലെ കാര്യത്തിനായി അപേക്ഷകളായൊ ഹർജികളായൊ ഗണിക്കേണമൊ എന്നുള്ളതാകുന്നു. ഗവർന്മെണ്ടിലേക്കൊ സർക്കാർ ഉദ്യോഗസ്ഥന്മാർക്കൊ അയക്കുന്ന കമ്പിവർത്തമാനങ്ങളെ മുഖാന്തരം പറയുന്ന വർത്തമാനമായി ഗണിക്കേണ്ടതും അതുകൊണ്ടു കമ്പിവർത്തമാനം മൂലമായി ചെയ്യുന്ന അപേക്ഷകൾക്കു ഫീസ് ചുമത്തേണ്ടാത്തതും ആകുന്നു. എന്നാൽ വല്ല നിയമത്താലൊ വല്ല നിയമവും അനുസരിച്ചു ഉണ്ടാക്കിട്ടുള്ള ചട്ടത്താലൊ സംബന്ധപ്പെട്ട അധികാരസ്ഥന്നു നൽകിട്ടുള്ള ഒരു അധികാരത്തെ നടത്തിക്കണമെന്നു ഒരു കമ്പിവർത്തമാനം ആവശ്യപ്പെടുമ്പോൾ ആ കമ്പിവർത്തമാനത്തോടു തുടർന്നു ക്രമപ്രകാരം മുദ്രവില ചുമത്തീട്ടുള്ള രേഖാമൂലമായ അപേക്ഷയൊ ഹർജിയൊ ഉണ്ടായിരുന്നിട്ടല്ലാതെ ആ കമ്പിവർത്തമാനത്തിന്മേൽ യാതൊരു നടപടിയും സാധാരണമായി നടത്തേണ്ടതല്ല.

ഉത്തരവിൻപ്രകാരം,

ആക്ടിംഗ് ഗവർൺമെണ്ട് ചീഫ്സെക്രട്ടെറി,

ആർ. മഹാദേവയ്യർ.

എ. എല്ലാ ഡിപ്പാർട്ട്മെണ്ടുകളുടേയും ആഫീസുകളുടേയും മേലധികാരികൾക്കു.

ബി. ഗസറ്റിലേക്കു.

(A True translation)

K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ടു ഗവർൺമെണ്ട് പ്രൊസീഡിംഗ്സ്.

ആലപ്പുഴ, കൊല്ലം ഈ തുറമുഖങ്ങളിലുള്ള കച്ചവടത്തിന്റെ സ്ഥിതിയെപ്പറ്റി അന്വേഷിക്കുന്നതിനും ആ കച്ചവടത്തിന്റെ അഭിവൃദ്ധിക്കും കൊല്ലം ചെങ്കോട്ട റെയിൽവേയിൽ വ്യാപാരത്തിനു പുഷ്ടിക്കും വേണ്ടതായ വഴികൾ നിർദ്ദേശിക്കുന്നതിനും നിയമിച്ചതായ കമ്മിട്ടിയുടെ റിപ്പോർട്ടിനെ പരിശോധിച്ചതായ, ൧൦൮൪ -ാം വർഷം സെപ്റ്റംബർമാസം ൨൩-ാംനു- യിലെ S. R. ൭൨൨൧ നംബർ ഗവർൺമെണ്ടാജ്ഞ വീണ്ടും വായിച്ചു.

(൨) വനം കൺസർവേറ്റർക്കു അയച്ച ൧൦൮൫ വർഷം ഒക്ടോബർമാസം ൮-ാംനു- യിലെ നംബർ S. R. ൭൭൨൫ ലെട്ടറും,

(൩) വനം കൺസർവേറ്റർ അയച്ചുവന്ന ൧൦൮൬-ാം വർഷം മാർച്ച് ൨൭-ാംനു- യിലെ നംബർ ൭൪൨൨ ലെട്ടറും,

(ക) വനം കൺസർവേറ്റർ അയച്ച [illegible] ഒക്ടോബർമാസം [illegible]-യിലെ C നംബർ [illegible] ലെട്ടറും,

(ഖ) വനം കൺസർവേറ്റർ അയച്ച [illegible] നവംബർമാസം [illegible]-യിലെ C നംബർ [illegible] ലെട്ടറും,

(ഗ) വനം കൺസർവേറ്റർ അയച്ച [illegible] ഡിസംബർമാസം [illegible]-യിലെ നമ്പർ [illegible] ലെട്ടറും,

(ഘ) വനം ആക്ടിംഗ് കൺസർവേറ്റർ അയച്ച [illegible] ജനുവരിമാസം [illegible]-യിലെ C. നംബർ [illegible] ലെട്ടറും,

കൂടി വായിച്ചു.

[illegible] ഈ [illegible] സ്ഥിതിയെപ്പറ്റി [illegible]

൨. [illegible] കൺസർവേറ്റർ [illegible] റെയിൽവെ പാതയുടെ [illegible]

ഗവൺമെൻ്റ് ഉത്തരവു നംബർ [illegible] L. R. & F.

തിരുവനന്തപുരം [illegible]

കൊട്ടാരക്കര താലൂക്കിലും പത്തനാപുരം താലൂക്കിലുംകൂടി [illegible] റെയിൽവെ [illegible] കൃഷിചെയ്യുന്നതിനായി [illegible] ഗവൺമെൻ്റ് [illegible]

ഉത്തരവിൻപ്രകാരം,

[illegible] ഗവർമ്മെൻ്റ് [illegible]

കൊല്ലം [illegible]

വനം കൺസർവേറ്റർക്കു

[illegible]

(A true translation)
K. CHIDAMBARA VADHYAR,
Head Translator to Government.

തിരുവിതാംകോട്ടു ഗവർൺമെണ്ട് പ്രൊസീഡിംഗ്സ്.

പൊലീസ് സൂപ്പറിണ്ടെണ്ടെണ്ട് ൧൧൧൦-ാം വർഷം ആഗസ്റ്റ്മാസം ൧൮-ാംയയച്ച ൧൧൧൦ -ാം വർഷത്തിലെ R. O. C. നംബർ ൩൩൭/Genl. ലെട്ടർ വായിച്ചു.

അതിന്മേൽചെയ്ത ഉത്തരവു നംബർ J. ൭൨൦൪ തിരുവനന്തപുരം ൧൧൧൨-ാം വർഷം ജൂൺ മാസം ൨൨-ാം.

ക്രിമിനൽസംഗതികളിൽ വൈദ്യസംബന്ധമായ പ്രയോഗത്തെക്കുറിച്ചു വിചാരണചെയ്യുന്ന മദ്ധ്യേ പൊലീസ്കാർ മെഡിക്കൽആഫീസർമാരോടു ചോദ്യംചെയ്കയൊ അവരുടെ നോട്ടുകളെ പരിശോധിക്കയൊ ചെയ്യേണ്ടതു ആവിധം കേസുകളെ ശരിയായി മനസ്സിലാക്കുന്നതിലേക്ക ആവശ്യമാണെന്നും ഇപ്പോൾ അപ്രകാരം ചെയ്യുന്നതു നടപ്പില്ലാഎന്നും മേൽ വായിച്ചതായലട്ടറിൽ പൊലീസ് സൂപ്പറിണ്ടെണ്ടെണ്ടു മററു സംഗതികളുടെ കൂട്ടത്തിൽ ഗവർൺമെണ്ടിനെ അറിയിച്ചിട്ടുണ്ട്. ഗവർൺമെണ്ട് ഈ അഭിപ്രായത്തിൽ യോജിക്കയും പൊലീസ്കാർ അന്വേഷണം നടത്തുന്നതായ എല്ലാ മെഡിക്കൊ ലീഗൽ സംഗതികളിലും സംബന്ധപ്പെട്ട മെഡിക്കൽ ആഫീസർമാരെ പൊലീസ്കാർ വിസ്തരിക്കേണ്ടതാകുന്നുഎന്നും മെഡിക്കൽ ആഫീസർമാരുടെ നോട്ടുകളും പൊലീസ്കാർ പരിശോധിക്കേണ്ടതാകുന്നുഎന്നും ഗവർൺമെണ്ട് ആജ്ഞാപിക്കുകയും ചെയ്യുന്നു. പൊലീസ് ഡിപ്പാർട്ടുമെണ്ടിലെയും മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെയും ഉദ്യോഗസ്ഥന്മാർ ക്രിമിനൽ നടപടി നിയമം ൧൬൩-ം വകുപ്പിനേയും ശ്രദ്ധിക്കേണ്ടതാകുന്നു. വൈദ്യസംബന്ധമായ സാക്ഷികളുടെ കാര്യത്തിൽ ആ വകുപ്പുകളിൽ വിധിച്ചിരിക്കുന്ന വിധികളെ അനുവർത്തിക്കേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം,
ആ: ഗവർൺമെണ്ടു ചീഫ് സെക്രിട്ടെറി,
ആർ. മഹാദേവയ്യർ.

൧. പൊലീസ് സൂപ്പറിണ്ടെണ്ടെണ്ടിനു.
൨. ഡർബാർഫിസിഷ്യനു.
൩. ഗസററിലേക്ക.

(A true translati n)
K. Chidambhara Vadiyar,
Head Translator to Government

തിരുവിതാംകോട്ടു ഗവർൺമെണ്ട് പ്രൊസീഡിങ്ഡ്.

രെജിസ്ട്രേഷൻ ഡൈറെക്ടരുടെ അധികാരങ്ങളെ വിവരിക്കുന്നതായ ൧൧൦൪-ം വർഷം ആഗസ്റ്റ്മാസം ൧൮-ായിലെ J. ൩൪൨൭൦ നംബർ ഗവർൺമെണ്ടാജ്ഞ വീണ്ടും വായിച്ചു.

അതിന്മേൽ ചെയ്ത ഉത്തരവു നംബർ J. ൭൨൭൭ തിരുവനന്തപുരം ൧൧൧൨. ജൂൺ ൨൩-ാം (ജൂലൈ ൩൮-)

ഡിസ്ട്രിക്ട് രെജിസ്ട്രാർമാർ ഒഴിച്ചു തന്റെ കീഴിൽ ഉള്ള ഏതു ഉദ്യോഗസ്ഥന്നും പിഴ നിശ്ചയിക്കുന്നതിൽ ഡൈറെക്ടർക്ക ഇപ്പോൾ അധികാരം ഉണ്ടു. എന്നാൽ യാതൊരു പിഴയും അഞ്ചു (൫) രൂപായിൽ കവിയരുതു. സബ് രെജിസ്ട്രാർമാർക്ക പിഴ നിശ്ചയിക്കുന്നതിനുള്ള അധികാരം ഡൈറെക്ടർക്ക ഉണ്ടായിരിക്കരുതു എന്നു ഗവർൺമെണ്ട് വിചാരിക്കുന്നു. അതുകൊണ്ടു മേൽ വായിച്ചതായ ഗവർൺമെണ്ടാജ്ഞയിലെ ൪-ം പാരാവിനെ താഴെ എഴുതിയിരിക്കുംപോലെ ഭേദപ്പെടുത്തിയിരിക്കുന്നു.

"ഡിസ്ട്രിക്ട് രെജിസ്ട്രാർമാരും സബ് രെജിസ്ട്രാർമാരും ഒഴികെ തന്റെ കീഴിൽ ഉള്ള ഏതു ഉദ്യോഗസ്ഥന്നും ഡൈറെക്ടർക്ക പിഴ നിശ്ചയിക്കാവുന്നതാകുന്നു, എന്നാൽ വരികിലും യാതൊരു പിഴയും (൫) അഞ്ചു രൂപായിൽ കവിയരുതു"

(ഉത്തരവിൻപ്രകാരം)
എ. ജെ. വീയറാ,
ഗവർൺമെണ്ട് ചീഫ് സെക്രിട്ടെറി.

൧ ആക്ടിങ്ങ് രെജിസ്ട്രേഷൻ ഡൈറെക്ടർക്ക
൨ അക്കൌണ്ട് ആഫീസർക്ക
൩ ഗസററിലേക്ക

(A true Translation)
K CHIDAMBARA VADHYAR.
Head Translator to Gov:rnment.

No. 7817/L. R & F

NOTIFICATION

The Cheriyankottu Reserved Forest was constituted by the Notification under Section 18 of Regulation II of 1068 published at page 1277 of the Government Gazette, dated the 10th December 1907. Cairns have since been erected on the boundaries of the said Reserved Forest and a description of the boundaries with special reference to the cairns is herewith appended for the information of the public

Huzur Cutcherry,
Trivandrum, 12th July 1912.

S PADMANABHA IYER,
Officiating Dewan

Name of Reserve.	Village.	Taluk.	Revenue Division.	Boundary Description	Area as per final demarcation.	Remarks.
Cheriyankottu Reserve	Perumkulam village.	Nedumangad	Trivandrum Division	*Situation* The block consists of a portion of minor circuit survey number 4822 of Perumkulam village, Nedumangad taluk, and is situated about a mile and a half to the north west of Kattakadai *North* Starting from cairn No 1 at the khandom stone on the north-west corner of survey number 4322/6 of Perumkulam village the line goes south south east for about 1½ chains along the west side of this number to cairn number 2 at its south-west corner, thence north-east along the south side of the above number passing cairn Nos 3 to 5 to cairn No 6 at its north east corner, thence south by slightly east for about 1½ chains along the west side of survey No 4322/66, to cairn No 7 at its south-west corner thence east along its south side to cairn No 8 at its south east corner thence eastwards along the south side of survey number 4322/72 and passing cairn Nos 9 to 11 to cairn No 12 at its south-east corner thence east along the south side of survey sub-division number 4822 57 and passing cairn No. 13 to cairn No 14 at its south-east corner.	128 acres, 19 cents	Though the notified area of the Block is 300 acres, the area as per present demarcation of the boundaries after excluding many registered lands is only 128·19 acres.

East—Thence south by slightly east for about 1¼ chains along the west side of survey number 4322/83 to cairn No 15 at its southern most corner, thence south south-west along the west side of survey No 4322 33 A and B and passing cairn No 16 to cairn No. 17 at its south-west corner, thence east south-east along the south sides of this number and 4322/73 and 74 and passing cairn Nos 18 to 21 to cairn No 22 at the south east corner of the last mentioned number, thence south south east for about 2¾ chains along the west side of survey sub division number 4322/50 to cairn No 23 at its south west corner, thence south east along its south side and passing cairn Nos 24 and 25 to cairn No 26 at the north west corner of survey sub-division No 4322 27, thence south along the west side of this number and passing cairn Nos 27 to 31 to cairn No 32 at the north-west corner of survey number 4322 56 thence south east along the west side of this number and passing cairn No 33 to cairn No 34 at its south-west corner thence south west for about 2¼ chains along the north side of survey sub-division No 4322/54 to cairn No 35 at its north west corner thence more or less in a southerly direction for about 4 chains passing cairn No 36 to cairn No 37 at a khandom stone on the north side of survey number 4322/43 about 7½ chains west south west of the north-west corner of survey number 4322/55

South—Thence north-west for about 6½ chains along the north side of survey number 4322/43 and passing cairn No 38 to cairn No 39 on its northernmost corner thence more or less in a southerly direction along the west side of this number and passing cairn Nos 40 to 44 to cairn No 45 at its south-west corner thence south south east for about 1½ chains along the west side of survey number 4322/21 to cairn No 46 at the north west corner of survey sub-division number 4322/13 A thence north west along the north side of this number to cairn No 47 at its north west corner, thence south-west along the west side of this number, and passing cairn Nos 48 and 49 to cairn No 50 at the north east corner of survey number 4322/[illegible] thence north-west along the north side of this number and passing cairn Nos. 51 to 57 to cairn No. 58 at its north west corner, thence north north west for about [illegible] chains along the [illegible] side of survey sub division No 4322/77 to cairn No 59 at its north[illegible] corner thence [illegible]

less in a northerly direction along the east side of 4322/11-12 and passing cairn Nos. 60 to 65 to cairn No. 66 at its north-east corner thence south-west along the northside of this number for about 3¼ chains to cairn No 67 thence south by slightly west for about 16 chains and partly along the western side of the number and passing cairn No. 68 to cairn No. 69 at the north-east corner of survey sub-division number 4322/74 thence along the north side of this number and passing cairn Nos. 70 to 73 to cairn No 74 at the south-east corner of survey number 4322/1.

West —Thence along the east side of this number and passing cairn Nos. 75 to 79 to cairn No. 80 at its northern-most corner, thence in a north north-easterly direction along the east side of survey number 4322 55-76 and passing cairn Nos. 81 to 84 to cairn No. 85 at the south-east corner of survey number 4322 53—75 thence north by slightly east for about 4 chains along the east side of this number and passing cairn No 86 to cairn No. 87 at the south-east corner of survey number 4322,6 7, thence north-east along the east side of this number and passing cairn Nos 88 to 90 to cairn No. 1 at the starting point (all survey numbers are of Perumkulam village and the sub-numbers other than survey sub-division numbers mentioned above are the divide numbers of the Revenue Department)

Remarks.

The following are the public and private rights admitted within the reserved forest.

(*a*) *Public rights.*

1. Nadukani Sasthankovil on a rock within the reserve with a space of 1½ chains by 1½ chains round it.

2 A six feet path which enters the reserve at a point about ½ a chain south of cairn No. 44 on the eastern boundary of the reserve and goes for about 10 chains in a more or less north north-easterly direction and meets the above Sasthankovil at its south-east corner.

(*b*) *Registered holdings within the reserve.*

Revenue pudival sub-division No. 4322 34 (survey sub-division No. 54/B of Perumkulam village.

NOTICE

No. S. R 1686

It is hereby notified, under sanction of His Highness the Maha Raja, that the following shall be added to the schedule annexed to the Notification No. S R. 1203, dated 4th August 1910, prescribing rules for regulating the issue of licenses for the sale of foreign liquor.

Huzur Cutcherry,
Trivandrum, 11th July 1912

S PADMANABHA IYER,
Officiating Dewan

Serial No.	Place	Maximum number of licenses allowed		Fee for each license	
		Wholesale	Retail	Wholesale	Retail
				B. Rs.	B. Rs.
36	Perumbavoor	1	1	250	125

നംബർ എസ്സ്. ആർ. ൧൬൮൬.

പരസ്യം.

ഇതിനാൽ കല്പനപ്രകാരം പരസ്യപ്പെടുത്തുന്നതെന്തെന്നാൽ

വിദേശ മദ്യങ്ങൾ വിൽക്കുന്നവർക്കു ലൈസൻസു കൊടുക്കുന്നതിനെ ക്രമപ്പെടുത്തുന്നതിലേക്കായി ചട്ടങ്ങൾ വിധിക്കുന്നതായ ൧൯൧൦-ാം വർഷം ആഗസ്റ്റുമാസം ൪-ാം-യിലെ എസ്സ്. ആർ. ൧൨൦൩ നമ്പർ പരസ്യത്തോടു ചേർത്തിട്ടുള്ള പട്ടികയിൽ താഴെ എഴുതിയിരിക്കുന്നതിനെ കൂടി ചേർക്കേണ്ടതാകുന്നു.

ഹജൂർക്കച്ചേരി,
തിരുവനന്തപുരം,
൧൯൧൨ ജൂലൈ ൧൧-.

എസ്സ്. പത്മനാഭയ്യർ,
അഫിഷ്യേറ്റിംഗ് ദിവാൻ.

ക്രമനമ്പർ	സ്ഥലം	അനുവദിക്കുന്ന ലൈസൻസുകളുടെ എണ്ണം		ഓരോ ലൈസൻസിനും നിശ്ചയിച്ചിട്ടുള്ള ഫീസു	
		മൊത്ത കച്ചവടം	ചില്ലറ കച്ചവടം	മൊത്തകച്ചവടം	ചില്ലറകച്ചവടം
൩൬	പെരുമ്പാവൂർ	൧	൧	൨൫൦ ബ്രിട്ടിഷ് രൂപാ	൧൨൫ ബ്രിട്ടിഷ് രൂപാ

NOTIFICATION.

Under the sanction of His Highness the Maha Raja the following modifications are made to the notification No 262 P W, dated the 13th January 1912 published on page 145 of the Government Gazette dated the 16th January 1912 The following seven ferries which were declared "Public Ferries" and the lines of navigation crossed by them "Public Canals" under Sections 7 and 3 respectively of Regulation I of 1084 are excluded from the operation of the Regulation

Name of the Ferry	Line of navigation crossed by the Ferry
Southern Division.	
(1) Ferry at Kaligasam crossing	The Paralayar
(2) ,, Valathumangam crossing	Do
(3) ,, Porumana crossing	Do
(4) ,, Kaluval crossing	The Kothayar.
Kottayam Division	
(5) ,, Periyar (Thattacad)	The Periyar river.
(6) ,, Neriamangalam (Thattacad)	Do
(9) ,, Perumbalam to Panai (Vaikom)	The Kaithapuzha lake

2 The following two ferries are declared "Public Ferries" and the lines of navigation crossed by them "Public Canals" under Sections 7 and 3 respectively of Regulation I of 1084 with effect from the 7th Mithunam 1087

Kottayam Division

Name of the Ferry	Lines of navigation crossed by each Ferry
(1) Ferry at Kavalsthalam crossing	Junction of the Thodupuzha and Muvattupuzha rivers.
(2) Muvattupuzha market crossing	The Muvattupuzha river

3 Under Section 9 of the Regulation the following revised charges will be levied upon passengers, animals, vehicles and goods conveyed across the Public Ferries

(1) Each passenger	2 cash
N B Hand loads up to 15 lbs not more than one to each passenger and babies in arms under 3 years to be carried free	
(2) Head loads above 15 lbs	2 cash each
(3) Four wheeled vehicle with its horse horses or bulls or motor car	8 chuckrams
(4) Two wheeled vehicle, with its horse horses or bulls	6 chuckrams
(5) Pony mule or horse, buffaloe or cow	2 chuckrams
(6) Rikshaw or push-push cycle, motor or ordinary	2 chuckrams
(7) Goods to be carried across not coming under the above category per cart load of half a ton or fraction thereof	3 chuckrams

N B Four times the above rates for the Public Ferries at
i Thevarakadavu crossing
ii Valiyarapuzha Do
iii Varapuzha chowkey Do and
iv Kuruvapuly

4 Besides students going to or returning from school, the Postal and Anchal Mails are exempted from the payment of Ferry charges

(By Order)
A J VIEYRA,
Chief Secretary to Government

Huzur Cutcherry,
Trivandrum, 13th July 1912

No G 299 3890 A P W

NOTIFICATION

Heads of Departments are hereby informed that batta at the following rates and subject to the conditions herein mentioned may be given to cartmen, whenever carts are engaged to convey office records on a long circuit for days in which no journey is performed.

	Rs.	Chs	C.
For all places except the Peermade and Devikulam taluks	,,	7	,, per diem.

In these two taluks an additional 50%.

2. No batta should be paid for more than 3 days at the most If the halt is for more than three days, the cart must be discharged and fresh carts obtained when required

3 A certificate by the Officer concerned that carts are not procurable is necessary for payment of batta

Huzur Cutcherry,
Trivandrum,
4th July 1912.

(By Order).
A. J. VIEYRA,
Chief Secretary to Government

പരസ്യം.

തിരുവിതാംകോട്ടു സംസ്ഥാനത്തിലും കൊച്ചി സംസ്ഥാനത്തിലും ഉള്ള അഞ്ചൽ ആഫീസുകൾ തമ്മിൽ മണിയാർഡർ അയയ്ക്കുകയും അവയ്ക്കു പണം കൊടുക്കയും ചെയ്യുന്ന ഏർപ്പാടു നടപ്പാക്കണമെന്നുള്ള അഭിപ്രായം തിരുവിതാംകോട്ടുസർക്കാരും കൊച്ചിസർക്കാരും അറിയിക്കകൊണ്ടു ആ ഏർപ്പാടുകൾ നടപ്പാക്കുന്നതിലേക്കായി ആ രണ്ടുസർക്കാരുകൾ തമ്മിൽ യോജിച്ചു സമ്മതിച്ചിട്ടുള്ള താഴെഎഴുതിയിരിക്കുന്ന ചട്ടങ്ങളെ ആലോചനസഭയിൽ ബഹുമാനപ്പെട്ട ഗവർണർ അവർകൾ അനുമതിച്ചിരിക്കുന്നു.

൧. ഹുണ്ഡിഏർപ്പാടു നടപ്പിൽ ഇരിക്കുന്ന തിരുവിതാംകോട്ടിലെ ഏതു അഞ്ചൽആഫീസിലും നിന്നും ഒരുഹുണ്ഡി, ഹുണ്ഡിഏർപ്പാടു നടപ്പിൽ ഇരിക്കുന്ന കൊച്ചിസംസ്ഥാനത്തിലെ ഏതു അഞ്ചൽആഫീസിലും നിന്നു പണം കൊടുക്കുന്നതിലേക്കായി, കൊടുക്കാവുന്നതാകുന്നു. അതുപോലെ തന്നെ ഹുണ്ഡിഏർപ്പാടു നടത്തുന്ന കൊച്ചി സംസ്ഥാനത്തിലെ ഏതു അഞ്ചൽ ആഫീസിലും നിന്നു ഒരുഹുണ്ഡി, തിരുവിതാംകോട്ടു സംസ്ഥാനത്തിലെ അതുപോലെയുള്ള ഒരു അഞ്ചൽ ആഫീസിൽനിന്നുപണം കൊടുക്കുന്നതിലേക്കായി, കൊടുക്കാവുന്നതാകുന്നു. ഓരോസംസ്ഥാനത്തിലേയും അഞ്ചൽ ആഫീസുകൾ ഹുണ്ഡികൾ കൊടുക്കുന്നതും ഹുണ്ഡികൾക്കുപണം കൊടുക്കുന്നതും ആ സംസ്ഥാനത്തിൽ ആ കാലത്തു നടപ്പിൽഇരിക്കുന്ന ചട്ടങ്ങളാൽ ഭരിക്കപ്പെടുന്നതാകുന്നു.

൨. ഓരോ സംസ്ഥാനവും അതാതിലെ അതിർത്തിക്കുള്ളിൽ അയക്കുന്ന സാധാരണ ഹുണ്ഡികളിൽ നിന്നും ഈ ഹുണ്ഡികളെ വ്യതിരിക്കിച്ചു അറിയുന്നതിലേക്കായി കൊച്ചി സംസ്ഥാനത്തിലെ അഞ്ചൽ ആഫീസുകളിലേക്കു തിരുവിതാംകോട്ടു സംസ്ഥാനത്തിലെ അഞ്ചൽആഫീസുകൾ അയക്കുന്ന ഹുണ്ഡികൾ അല്പനീലനിറമുള്ള കടലാസിൽ അച്ചടിച്ച ഫാറങ്ങളിലും തിരുവിതാംകോട്ടുസംസ്ഥാനത്തിലെ അഞ്ചൽ ആഫീസുകളിലേക്കു കൊച്ചി സംസ്ഥാനത്തിലെ അഞ്ചൽ ആഫീസുകൾ അയക്കുന്ന ഹുണ്ഡികൾ അല്പംപച്ചനിറമുള്ള കടലാസിൽ അച്ചടിച്ച ഫാറങ്ങളിലും ആയിരിക്കേണ്ടതാകുന്നു.

൩. ഒരു സംസ്ഥാനത്തുനിന്നു മറ്റേതിലേക്കു അയക്കുന്നതുക ബ്രിട്ടീഷ നാണയങ്ങളിൽ ആയിപതിക്കുന്നതാകുന്നു ഒരുഹുണ്ഡിയിലെ എത്രയുംകൂടിയതുക (൫൦൦) അഞ്ഞൂറു ബ്രിട്ടീഷ് രൂപായും എത്രയുംകുറഞ്ഞതുക ഒരുഅണയും ആകുന്നു ഓരോ സംസ്ഥാനത്തു നിന്നും അയക്കുന്നഹുണ്ഡിക്കു ആ സംസ്ഥാനത്തിൽ നിശ്ചയിക്കുന്ന റേട്ടിൽ കമ്മീഷൻ ചുമത്താവുന്നതും ആ കമ്മീഷൻ അതു ചുമത്തുന്ന സംസ്ഥാനത്തിലെ വരവായിരിക്കേണ്ടതും ആകുന്നു.

൪. ഈ രണ്ടുസംസ്ഥാനങ്ങൾ തമ്മിൽ ഉള്ള എല്ലാ ഹുണ്ഡി കൊടുക്കൽവാങ്ങലുകളുടെ സൌകര്യത്തിനുവേണ്ടിയും കണക്കുകൾ ശരിയായി ഒതുക്കി തീർക്കുന്നതിനുവേണ്ടിയും ഓരോസംസ്ഥാനത്തിലും "സെൻട്രൽആഫീസ്" എന്നുവിളിക്കപ്പെടുന്ന ഒരുഅഞ്ചൽ ആഫീസ് ഉണ്ടായിരിക്കുന്നതും ഈ രണ്ടു അഞ്ചൽആഫീസുകൾമുഖേന മേല്പറഞ്ഞ ഹുണ്ഡികൊടുക്കൽവാങ്ങലുകൾ നടത്തുന്നതും ആകുന്നു.

൫. തിരുവിതാംകോട്ടിൽ ആലുവായും കൊച്ചിയിൽ എറണാകുളവും സെൻട്രൽ ആഫീസ് ആയിരിക്കുന്നതാകുന്നു.

൬. തിരുവിതാംകോട്ടുസംസ്ഥാനത്തിലെ അഞ്ചൽആഫീസുകളിൽ വല്ലതിലും നിന്നു അയക്കുന്ന എല്ലാഹുണ്ഡികളും ആദ്യം ആലുവാഅഞ്ചൽ ആഫീസിലേക്കു പോകുന്നതും അവിടെനിന്നു അവയെ എറണാകുളം അഞ്ചൽ ആഫീസിലേക്കു അയക്കുന്നതും എറണാകുളം അഞ്ചൽ ആഫീസ് അവയെ കൊച്ചി സംസ്ഥാനത്തിൽ ചിലവു അഞ്ചൽ ആഫീസുകളിലേക്കു അയക്കുന്നതും ആകുന്നു.

അതുപോലെതന്നെ തിരുവിതാംകോട്ടു സംസ്ഥാനത്തിൽ ഉള്ള അഞ്ചൽ ആഫീസുകളിൽ വല്ലതിലേക്കും കൊച്ചിസംസ്ഥാനത്തിലെ അഞ്ചൽ ആഫീസുകളിൽ വല്ല ആഫീസും അയക്കുന്ന എല്ലാഹുണ്ഡികളും ആദ്യമായി എറണാകുളം അഞ്ചൽ ആഫീസിലേക്കു പോകുന്നതും അവിടെനിന്നു അവയെ ആലുവാ അഞ്ചൽ ആഫീസിലേക്കു അയക്കുന്നതും ആലുവാ അഞ്ചൽ ആഫീസ് അവയെ തിരുവിതാംകോട്ടു സംസ്ഥാനത്തിൽ ചിലവു അഞ്ചൽ ആഫീസുകളിലേക്കു അയക്കുന്നതും ആകുന്നു.

൭. ഓരോസംസ്ഥാനത്തിലേയും സെൻട്രൽ ആഫീസ് ഓരോസംസ്ഥാനത്തിലും വിതരണംചെയ്തതും അവിടെക്കുഅയച്ചതും ആയ ഹുണ്ഡികളുടെ വക കണക്കു തിരുവിതാംകോട്ടിലേയും കൊച്ചിയിലേയും അഞ്ചൽ സൂപ്രണ്ടെണ്ടുമാർക്കു ദിവസേന അയക്കേണ്ടതാകുന്നു.

൮. ഓരോ സംസ്ഥാനത്തിലേയും അഞ്ചൽ ആപ്പീസുകൾ അയച്ചതും പണംകൊടുത്തതും ആയ എല്ലാ ഉരുപ്പടികളുടേയും ഓരോ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫോറത്തിൽ മാസാന്തകണക്കുകൾ രണ്ടു സംസ്ഥാനങ്ങളിലേയും അഞ്ചൽസൂപ്രണ്ടെണ്ടുമാർ തയ്യാറാക്കേണ്ടതും അതാതു സംസ്ഥാനത്തെ അക്കൌണ്ട് ആപ്പീസുകൾക്കു അയക്കേണ്ടതും ആകുന്നു. അവർ അവ കണ്ണു ആ കണക്കുകൾ പരിശോധിച്ച ശേഷം അവർ തമ്മിൽതമ്മിലും അയക്കേണ്ടതാകുന്നു.

൯. ഓരോ അർദ്ധസംവത്സരവും അവസാനിക്കുമ്പോൾ തിരുവിതാംകോട്ടിലേയും കൊച്ചിയിലേയും അഞ്ചൽ സൂപ്രണ്ടെണ്ടുമാർ ആ അർദ്ധവർഷത്തിലെ കൊടുക്കൽ വാങ്ങലുകളുടെ പരിണാമം കാണിക്കുന്ന ഒരു കണക്കു തയ്യാറാക്കേണ്ടതും അതാതു സംസ്ഥാനത്തിലെ അക്കൌണ്ടാപ്പീസിലേക്കയക്കേണ്ടതും ആകുന്നു. ആ അക്കൌണ്ടാപ്പീസുകളിൽ ഒരു സംസ്ഥാനത്തിൽ നിന്നും മറ്റതിലേക്കു പണം വല്ലതും കൊടുക്കേണ്ടതായിരിക്കുന്നതായി കണ്ടാൽ അതിനെ കൊച്ചിയിലുള്ള മദ്രാസ് ബാങ്കിൽ കൊടുത്തു കണക്കുകൾ തീർത്തുകൊള്ളേണ്ടതാകുന്നു.

൧൦. ഈ ചട്ടങ്ങൾ മേലെല്ലാം കാലത്തേയ്ക്കു പ്രാബല്യമായി അനുവദിച്ചിരിക്കുന്നതും ൧൦൮൮-മാണ്ടു ചിങ്ങമാസം ൧൨-ാം തീയതി മുതൽ നടപ്പിൽ വരുന്നതും ആകുന്നു.

ഹജൂർക്കച്ചേരി,
തിരുവനന്തപുരം,
൧൯൧൨ ജൂലൈ ൧൧-.

ആഫീഷ്യേറ്റിങ്ങ് ദിവാൻ,
എസ്. പത്മനാഭയ്യൻ.

(A true translation),
K. CHIDAMBARA VADHYAR
Head Translator to Government.

നംബർ G. 6659.

പരസ്യം

ഇംഗ്ലാണ്ടു സന്ദർശിക്കാനായി പോകുന്ന ഇന്ത്യൻ വിദ്യാർത്ഥികളും മററു ആളുകളും ഇന്നാരാണെന്നു അറിയാനുള്ള സട്ടിഫിക്കെട്ട് കൊടുക്കുന്നതിനെപ്പററി ഇൻഡ്യാ ഗവർൺമെണ്ടിന്റെ റിസല്യൂഷനിൽ നിന്നു താഴെ ചേർത്തിരിക്കുന്ന ഭാഗം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

൧. ഇംഗ്ലാണ്ടിലേക്കു പോകാൻ വിചാരിച്ചിരിക്കുന്ന ആളുകൾ എഴുതി കൊടുക്കേണ്ടതായ വിവരങ്ങളും കാണിക്കുന്ന ഫാറങ്ങൾ മഹാരാജശ്രീ റെസിഡണ്ട് സായ്പവർകളോടു അപേക്ഷിച്ചാൽ കിട്ടുന്നതാകുന്നു.

൨. ഈ ഫാറങ്ങൾ എഴുതി കഴിഞ്ഞാൽ, അതുകളെ തിരുവിതാംകോട്ടു പ്രജകളുടെ കാര്യത്തിൽ തിരുവിതാംകോട്ടു ദിവാൻ മുഖേന മഹാരാജശ്രീ റെസിഡണ്ടു സായ്പവർകൾക്കു അയക്കേണ്ടതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൭ നവംബർ മാസം ൧൯-ാം

ഉത്തരവിൻപ്രകാരം,
ഗവർമെണ്ടു ചീഫ്സെക്രിട്ടെറി
എ. ജെ. വീയറാ.

ഇൻഡ്യാ ഗവർമ്മെണ്ടിലെ റിസല്യൂഷനിൽ നിന്നുള്ള ഭാഗം.

റിസല്യൂഷൻ - വിദേശങ്ങളിൽ സഞ്ചരിക്കുന്നതിനു പാസ്സപോട്ടാവശ്യമായോ അഭിലഷണീയമായോ ഇരിക്കുന്ന വിദേശങ്ങളിൽ സഞ്ചരിക്കാൻ തങ്ങൾക്കു കഴിവുണ്ടാകുന്നതിലേക്കായി പാസ്സപോട്ടു കിട്ടണമെന്നു ഇംഗ്ലണ്ടിലേക്കു പോയിട്ടുള്ള വിദ്യാർത്ഥികളായൊ മററു വകത്തിലുള്ള ഇൻഡ്യയിലെ നാട്ടുകാർ ആഗ്രഹിക്കുന്നതായും അപേക്ഷകൻ ഒരു ബ്രിട്ടീഷ് പ്രജയാണെന്നും അതുകൊണ്ടു പാസ്സപോട്ടു കിട്ടുന്നതിനു അർഹതയുള്ള ആളാണെന്നും കാണിക്കാൻ വേണ്ട തെളിവില്ലായ്കനിമിത്തം പലപ്പോഴും പ്രതിബന്ധം നേരിടുന്നു എന്നും കുറെക്കാലമായി അനുഭവിക്കുന്നതായി ഇൻഡ്യയ്ക്കുള്ള സെക്രിട്ടെറി ആഫ് സ്റ്റേറ്റ് ഇൻഡ്യാ ഗവർമ്മെണ്ടിനെ ധരിപ്പിച്ചിരിക്കുന്നു. നാട്ടിലേക്കു തിരിച്ചുവരണമെന്നു ആഗ്രഹിക്കുന്ന നിർദ്ധനന്മാരായ ഇൻഡ്യാക്കാരും പണഞെരുക്കംനിമിത്തം വിദ്യാഭ്യാസ പദ്ധതിയെ പൂർത്തിയാക്കാൻ അശക്തന്മാരായ വിദ്യാർത്ഥികളും സഹായത്തിനായി പലപ്പോഴും ഇന്ത്യയ്ക്കുള്ള സ്റ്റേട്ട് സെക്രട്ടെറിയോടു അപേക്ഷിച്ചു വരുന്നു.

ആപ്രകാരമുള്ള സംഗതികളെ തൃപ്തികരമായി തീർച്ചപ്പെടുത്തുന്നതിനു സ്റ്റേട്ട് സെക്രിട്ടെറിയ്ക്കു ഉപയോഗകരമായിരിക്കുന്നതിലേക്കായി ഇംഗ്ലണ്ടിനെ സന്ദർശിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളും മററുള്ളവരും ഈ റിസല്യൂഷനോടു ചേർന്നിരിക്കുന്ന ഫാറത്തിൽ അവർ ഇന്നാരാണെന്നു അറിയുന്നതിനുള്ള പ്രമാണരൂപമായ സട്ടിഫിക്കെട്ട് അവർ ഇൻഡ്യയിൽ നിന്നു പുറപ്പെടുംമുമ്പെ ലഭിച്ചിരിക്കേണ്ടതു അഭിലഷണീയമാണെന്നും ആ സട്ടിഫിക്കെട്ടിൽ ബ്രിട്ടീഷ് ഇൻഡ്യൻവാസിയുടെ കാര്യത്തിൽ ഡിസ്ത്രിക്കിലെ മേലധികാരിയും പ്രസിഡൻസി ടൌണിൽ പൊലീസ് കമ്മിഷണരും ഏതദ്ദേശിക സംസ്ഥാനങ്ങളിലെ നിവാസികളുടെ കാര്യത്തിൽ പൊളിററിക്കൽ ആഫീസരും ഒപ്പിട്ടിരിക്കേണ്ടതാണെന്നും ഉള്ള സംഗതിയെ അവരെ പ്രത്യേകമായി ധരിപ്പിക്കേണ്ടതു ആവശ്യമാണെന്നു ആലോചനസഭയിൽ ബഹുമാനപ്പെട്ട ഗവർണർ ജനറൽ അവർകൾ നിശ്ചയിച്ചിരിക്കുന്നു. ഒരു വിദ്യാർത്ഥിയുടെ കാര്യത്തിൽ ഈ സട്ടിഫിക്കെട്ട് അവസാനമായി പഠിച്ചിരുന്ന സ്കൂളിലേയൊ കാളേജിലേയൊ മേലധികാരി ഒപ്പിട്ടിരിക്കേണ്ടതും ഡിസ്ത്രിക്ക് ആഫീസരൊ ഒരു പ്രസിഡെൻസി ടൌണിൽ പൊലീസ് കമ്മിഷണരൊ അല്ലെങ്കിൽ സംസ്ഥാനത്തെ അതാതു പൊളിററിക്കൽ ആഫീസരൊ കൌണ്ടർസൈൻ ചെയ്തിരിക്കേണ്ടതും ആകുന്നു

NOTIFICATION

The Travancore and Cochin Darbars having expressed a desire to introduce a system of reciprocal issues and payments of Money Orders between the Anchal Offices in the two States, His Excellency the Governor in Council is pleased to approve of the following rules, mutually agreed upon by the two Darbars, to give effect to the arrangements :—

1. From any Travancore Anchal Office where the Hundi system is in force, a Hundi may be issued for payment from any Cochin Anchal Office where Hundi business is conducted, and similarly any Anchal Office of the Cochin State which does Hundi business, may issue a Hundi for payment from a similar Anchal Office in the Travancore State, the issues and payments of Hundis by the Anchal Offices of each State being governed by the rules in force for the time being in that State.

2. The Hundis sent from the Travancore Anchal Offices to the Cochin Anchal Offices shall be in forms printed on light blue paper, and those sent from the Cochin Offices to Travancore shall be on light green paper in order to distinguish these Hundis from the ordinary Hundis issued by both the States within their respective areas.

3. The amount of Hundis issued from one State to the other will be entered in the British coinage. The maximum amount of a Hundi will be British Rs (500) five hundred and the minimum amount one anna. Each State may levy its own rate of commission on the Hundis issued by it, and such commission shall belong to the State levying it.

4. For convenience and the proper adjustment of accounts, all Hundi transactions between the two States will be conducted through the medium of two Anchal Offices, one in each State, to be called "Central Offices".

5. In Travancore, Alwaye will be the Central Office, and in Cochin it will be Ernakulam.

6. All Hundis issued from any of the Anchal Offices in the Travancore State, will in the first instance, go to the Alwaye Anchal Office, from which they will be sent to the Ernakulam Anchal Office which will transmit them to their destinations in the Cochin State.

Similarly, all Hundis issued by any of the Anchal Offices in the Cochin State to any of the Anchal Offices in the Travancore State will, in the first instance, go to the Ernakulam Anchal Office, from where they will be sent to the Alwaye Anchal Office, which will transmit them to their destinations in the Travancore State.

7. The Central Office of each State shall send daily an account of the Hundis received from, and sent to, each State, to the Anchal Superintendents of Travancore and Cochin.

8. The Anchal Superintendents of both the States shall prepare monthly statements, on a prescribed form, of all the Hundis issued and paid by the Anchal Offices of each State, and submit them to the respective Account Offices, and they shall also exchange copies with each other.

9. At the close of every Malabar half year, the Anchal Superintendents of Travancore and Cochin shall prepare detailed statements showing the transactions of the half year, and forward the same to the respective Account Offices, which shall adjust the amounts due, if any, to the respective States by paying the same into the Bank of Madras, Cochin.

10. These rules are passed tentatively for one year and will come into force with effect from the 1st Chingom 1088.

Huzur Cutcherry,
Trivandrum, 1st July 1912.

S. PADMANABHA IYER,
Officiating Dewan.

പരസ്യം.

താഴെ എഴുതിയിരിക്കുന്ന ചട്ടങ്ങളെ കല്പനപ്രകാരം വിദ്യാഭ്യാസകോഡിൽ പതിനേഴാം അദ്ധ്യായം ആയി ചേൎത്തിരിക്കുന്നു. ഈ ചട്ടങ്ങൾ ഉടൻതന്നെ നടപ്പിൽ വരുന്നതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൧൨ ജൂൺ ൧൨

ഉത്തരവിൻപ്രകാരം,
ആർ മഹാദേവയ്യൻ,
ആ: ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി

അദ്ധ്യായം ൧൭
ശിക്ഷാക്രമ വിദ്യാലയങ്ങൾ.

൧൩൪. ഓരോ ശിക്ഷാക്രമ വിദ്യാലയത്തോടും ചേൎന്നതായി അതിൽ ശിക്ഷാക്രമം അഭ്യസിക്കുന്ന വിദ്യാൎത്ഥികൾക്കു കുട്ടികളെ പഠിപ്പിക്കുന്നതിൽ പരിശീലനത്തിനു മതിയായ അവസരം ഉണ്ടായിരിക്കുന്നതിലേക്കായി ഒരു മാഡൽസ്കൂൾ (മാതൃകാപാഠശാല) ഉണ്ടായിരിക്കുന്നതാകുന്നു.

ഒരു ശിക്ഷാക്രമ കാളേജിൽ മാതൃകപാഠശാലയോടുചേൎന്ന ഒരു എലിമെണ്ടറി പാഠശാലയിലെ എല്ലാ ക്ലാസുകളും ഒരു സെക്കണ്ടറി പാഠശാലയിലെ പ്രിപ്പാറെട്ടറി ക്ലാസും എല്ലാ ഫാറങ്ങളും അടങ്ങിയിരിക്കുന്നതാകുന്നു

ഒരു ഉയൎന്നതരം ശിക്ഷാക്രമ പാഠശാലയോടു ചേന്ന മാതൃകാപാഠശാലയിൽ ഒരു എലിമെണ്ടറി പാഠശാലയിലെ എല്ലാ ക്ലാസുകളും ഒരു സെക്കൻഡറി പാഠശാലയിലെ പ്രിപ്പാറട്ടരി ക്ലാസും ൧ ം ൨ ം ൩ ം ഫാറങ്ങളും അടങ്ങിയിരിക്കുന്നതാകുന്നു.

ഒരു താഴ്ന്നതരം ശിക്ഷാക്രമ പാഠശാലയോടു ചേൎന്ന മാതൃകാപാഠശാലയിൽ ഒരു താഴ്ന്നതരം എലിമെൻററി പാഠശാലയിലെ എല്ലാക്ലാസുകളും അടങ്ങിയിരിക്കുന്നതാകുന്നു

൧൩൫. ഒരു ശിക്ഷാക്രമ വിദ്യാലയത്തോടു ചേൎന്ന മാതൃകാപാഠശാലയ്ക്കു ശിക്ഷാക്രമവിദ്യാലയത്തിൽനിന്നും ഭിന്നമായി ശിക്ഷാക്രമ വിദ്യാലയത്തിലുള്ള വാദ്ധ്യാൎമാൎക്കു പുറമേ അതിലെ എല്ലാ ക്ലാസുകളിലേക്കും വേണ്ട പൂൎണ്ണമായ എണ്ണം വാദ്ധ്യാർമാർ ഉണ്ടായിരിക്കുന്നതാകുന്നു. മാതൃകാപാഠശാലയിലെ ഹെഡ്മാസ്റ്റർ അതു ഏതു ശിക്ഷാക്രമ വിദ്യാലയത്തോടു ചേൎന്നിരിക്കുന്നുവോ അതിലെ മേലധികാരിയുടെ വരുതിയിൻകീഴിൽ ഇരിക്കേണ്ടതാകുന്നു. ഒരു താഴ്ന്നതരം ശിക്ഷാക്രമപാഠശാലയിലെ മേലധികാരി അതിനോടുചേൎന്ന മാതൃകാപാഠശാലയിലെ ഹെഡ്മാസ്റ്റർ ആയും കൂടി ഇരിക്കാവുന്നതാകുന്നു.

൧൩൬. മുൻഷിമാൎക്കും ഡ്രായിംഗ്മാസ്റ്റർമാൎക്കും പുറമേ ഒരു മാതൃകാപാഠശാലയിൽ ജീവനമായിരിക്കുന്ന വാദ്ധ്യാർമാർ എല്ലാവരും ശിക്ഷാക്രമം അഭ്യസിച്ചു സട്ടിഫിക്കെട്ട്വാങ്ങിച്ചവരായിരിക്കേണ്ടതും ശിക്ഷാക്രമം അഭ്യസിക്കുന്ന വാദ്ധ്യാർമാർ ചെയ്യുന്നതായ അദ്ധ്യാപകജോലിയിൽ നോട്ടംനടത്തുന്നതിൽ സഹായിക്കുന്നതിനു ആവശ്യപ്പെടുന്നതായാൽ അപ്രകാരം ചെയ്യാൻ യോഗ്യന്മാരായിരിക്കേണ്ടതും ആകുന്നു.

൧൩൭. മാതൃകാപാഠശാലകൾ ഏതു ശിക്ഷാക്രമവിദ്യാലയത്തോടു ചേൎന്നവയായിരിക്കുന്നുവോ ആ വളപ്പകത്തുതന്നെ ഇരിക്കേണ്ടതും അങ്ങിനെ അല്ലെങ്കിൽ എത്രയും അടുത്തസ്ഥലത്തു സ്ഥാപിച്ചിരിക്കേണ്ടതും ആകുന്നു.

൧൩൮. ശിക്ഷാക്രമകാളേജുകൾ, മദ്രാസ് യൂണിവേർസിററിയിലെ ചട്ടങ്ങളിൽ വെളിവായി വിവരിച്ചിട്ടില്ലാത്ത എല്ലാ കാൎയ്യങ്ങളെയും സംബന്ധിച്ചു, ഈ കോഡിലെ ചട്ടങ്ങൾക്കു ഉൾപ്പെട്ടിരിക്കേണ്ടതാകുന്നു.

൧൩൯. ഒരു ഉയൎന്നതരം ശിക്ഷാക്രമപാഠശാലയുടെ സംഘടനത്തിൽ താഴെ എഴുതിയിരിക്കുന്ന സാമാന്യവിഷയങ്ങളെ പഠിപ്പിക്കുന്നതിലേക്കും ശിക്ഷാക്രമം പരിശീലിപ്പിക്കുന്നതിലേക്കും വേണ്ട വ്യവസ്ഥകൾ അടങ്ങിയിരിക്കേണ്ടതാകുന്നു:—

(എ) സാധാരണ വിഷയങ്ങൾ.

(൧) മലയാളവും തമിഴും.
(൨) അങ്കഗണിതവും ക്ഷേത്രവ്യവഹാരവും (mensuration)
(൩) (Exprimental Geometry.) രേഖാഗണിതം.
(൪) ഭൂവിവരണം.
(൫) ചരിത്രം.
(൬) പ്രകൃതിപഠനത്തിൽ പ്രഥമപാഠങ്ങൾ.

(൭) കൃഷിശാസ്ത്രം പ്രഥമപാഠങ്ങൾ.
(൮) പാഠശാലാസംബന്ധമായ സുഖാധാരനിദാനം.
(൯) സംസ്ഥാനത്തിലെ രാജ്യഭരണരീതി.

ബി. അദ്ധ്യാപകപ്രവൃത്തി സംബന്ധമായ വിഷയങ്ങൾ.

(൧) ഡിപ്പാർട്ട്മെണ്ടൽ ചട്ടങ്ങൾ, സിവിൽ സർവീസ് ചട്ടങ്ങൾ, പാഠശാലയിലെ പണക്കണക്ക, സർക്കാർ എഴുത്തുകുത്ത
(൨) സ്കൂൾറെക്കാർഡുകൾ വച്ചിരിക്കേണ്ടവിധം.
(൩) പാഠശാലാ സംഘടനം.
(൪) പാഠശാല വ്യവസ്ഥിതി
(൫) ഇംഗ്ലീഷും കൃഷിശാസ്ത്രവും ഉൾപ്പെടെ പാഠശാലാവിഷയങ്ങൾ പഠിപ്പിക്കേണ്ട വിധങ്ങൾ.

സി. കാര്യവശാൽ പഠിപ്പിക്കലും അദ്ധ്യാപകവൃത്തിയുടെ പ്രായോഗികമായ പരിശീലനവും.

(൧) ഡ്രായിംഗും ബ്ലാക്ക്ബോർഡ് ഉപയോഗിക്കലും.
(൨) എലിമെണ്ടറിസർവേയും പ്ലാൻഡ്രായിംഗും,
(൩) പടംഎഴുത്തും ഭൂപ്രകൃതി സംബന്ധമായ പടം തയാറാക്കുന്നതും.
(൪) പാഠങ്ങൾക്ക നോട്ടുകളും ജോലികളുള്ള പദ്ധതികളും തയാറാക്കലും

റെഫറൻസ് ബുക്കുകളുടെ ശരിയായ ഉപയോഗവും.

(൫) മാതൃകാ പാഠശാലയിൽ പഠിപ്പിക്കൽ.
(൬) ഗുണദോഷവിചാര പാഠങ്ങൾ.
(൭) വാക്പടുത്വവും വായനയും.
(൮) കായികാഭ്യാസവും ഡ്രില്ലും.
(൯) പാഠശാലാസഞ്ചാരങ്ങളും പുറസ്ഥലങ്ങളിലുള്ള നിരീക്ഷണങ്ങളെക്കുറിച്ചുള്ള പാഠങ്ങളും.
(൧൦) സംഗീതം } പെൺവാദ്ധ്യാർമാർക്കുള്ള ശിക്ഷാക്രമ പാഠശാലകളിൽ.
(൧൧) തയ്യൽ }

൧൭൦. ഒരു താഴ്ന്നതരം ശിക്ഷാക്രമ പാഠശാലയിലെ സാമാന്യ സംഘടനത്തിൽ താഴെ എഴുതിയിരിക്കുന്നവിഷയങ്ങളെ പഠിപ്പിക്കുന്നതിലേക്കും അവയിൽ ശിക്ഷാക്രമം പരിശീലിപ്പിക്കുന്നതിലേക്കും വേണ്ട വ്യവസ്ഥകൾ അടങ്ങിയിരിക്കേണ്ടതാകുന്നു.

എ. സാധാരണ വിഷയങ്ങൾ.

(൧) മലയാളവും തമിഴും.
(൨) അങ്കഗണിതവും ക്ഷേത്രവ്യവഹാരവും (Mensuration)
(൩) (Experimental Geometry) രേഖാഗണിതം.
(൪) ഭൂവിവരണം.
(൫) ചരിത്രം.
(൬) പ്രകൃതി പഠനത്തിൽ പ്രഥമ പാഠങ്ങൾ.
(൭) കൃഷിശാസ്ത്രം.

(ഇംഗ്ലീഷ് ഭാഷ നിർബന്ധവിഷയമായോ ഐച്ഛികവിഷയമായോ ഒരു പാഠശാലാപദ്ധതിയിൽ പഠിച്ചിട്ടുള്ള വാദ്ധ്യാർമാർ ഇംഗ്ലീഷിൽ കൂടുതലായ പാഠപദ്ധതിയിൽ പഠിക്കണമെന്നു ആവശ്യപ്പെടുന്നതാകുന്നു)

ബി. അദ്ധ്യാപകവൃത്തിസംബന്ധമായ വിഷയങ്ങൾ.

(൧) സ്കൂൾറെക്കാർഡുകൾ വച്ചിരിക്കേണ്ട വിധം.
(൨) താഴ്ന്നതരം എലിമെണ്ടറി പാഠശാലകളിൽ വിഷയങ്ങൾ പഠിപ്പിക്കൽ.
(൩) പാഠശാലാ വ്യവസ്ഥിതി.

സി. പ്രായോഗികമായ പരിശീലനം.

(൧) ഡ്രായിംഗും ബ്ലാക്ക്ബോർഡ് ഉപയോഗിക്കയും.
(൨) പടം വരെയ്ക്കൽ.
(൩) പാഠങ്ങൾക്ക നോട്ടുകളും ജോലികളുള്ള പദ്ധതികളും തയാറാക്കൽ.
(൪) മാതൃകാപാഠശാലയിൽ പഠിപ്പിക്കൽ.

(ഞ) ഗുണദോഷവിചാര പാഠങ്ങൾ
(ന്ന) വാക്പടുത്വവും വായനയും
(൭) കായികാഭ്യാസവും ഡ്രില്ലും.
(ഫ) സംഗീതം } പെൺവാദ്ധ്യാർമാൎക്കുള്ള ശിക്ഷാക്രമ പാഠശാലകളിൽ.
(ൻ) തയ്യൽ }

൧൭൧. ഓരോ ശിക്ഷാക്രമ വിദ്യാലയത്തിനും,

(എ) ഉചിതങ്ങളായ റെഫറൻസ് പുസ്തകങ്ങൾ അടങ്ങിയിരിക്കുന്ന ലൈബ്രറിയും,

(ബി) പ്രകൃതിപഠനം പാഠങ്ങൾക്കുള്ള പടങ്ങൾ മുതലായ ചിത്രങ്ങൾക്ക ഉചിതങ്ങളായ മാതൃകാസാധനങ്ങൾ മുതലായവ അടങ്ങിയിരിക്കുന്ന ഒരു സ്കൂൾ മ്യൂസിയവും (വിശേഷവസ്തുസംഗ്രഹവും)

(സി) പഠിപ്പിക്കുന്നതിലേക്കും പ്രായോഗികമായുള്ള പരിശീലനത്തിനും ആവശ്യമുള്ള മതിയായിടത്തോളം എല്ലാസാമഗ്രികകളുംഉണ്ടായിരിക്കുന്നതാകുന്നു.

൧൭൨. ഉയൎന്നതരമോ താഴ്ന്നതരമോ ആയ ഓരോ ശിക്ഷാക്രമ പാഠശാലയിലേയും മേലധികാരി ആൎട്സിൽ ഒരു യൂനിവേൎസിററി ഡിഗ്രിയും ഒരു ശിക്ഷാക്രമ പാഠശാലയിൽ പാഠപദ്ധതികഴിഞ്ഞതിൽ പിന്നീട ലഭിച്ചിട്ടുള്ള ഡിഗ്രി ആഫ് ലൈസൻഷിയേറ്റ് ഇൻ ടെയ്നിംഗും ധരിച്ചിരിക്കേണ്ടതാകുന്നു എന്നാൽ മേൽപറഞ്ഞ യോഗ്യതകൾ ഇല്ലാത്തവരായും എന്നിട്ടും ൧൦൮൨-ാം വൎഷം മേ മാസം ൨൦നു-ക്ക അംഗീകൃതങ്ങളായ ശിക്ഷാക്രമപാഠശാലകളിൽ അപ്രകാരമുള്ള ജീവനങ്ങളിൽ പണിയിൽ ഇരിക്കുന്നവരായുമുള്ള ആളുകളേ ഓരോ സംഗതിയിലും ഡൈറെക്റ്റർ നിശ്ചയിക്കാവുന്ന കാലംവരെ മേലും അപ്രകാരമുള്ള ജീവനങ്ങൾ വഹിക്കുന്നതിനു ഡൈറെക്ടരുടെ അനുമതിയോടുകൂടി സമ്മതിക്കാവുന്നതാകുന്നു.

൧൭൩. ഒരു ശിക്ഷാക്രമ പാഠശാലയിൽ വാദ്ധ്യാർമാരായ അസിസ്റ്റണ്ടുമാർ ശിക്ഷാക്രമം അഭ്യസിച്ച വാദ്ധ്യാർമാരായും ഇംഗ്ലീഷ് ഹൈസ്കൂൾ നാർമൽ സൎട്ടിഫിക്കെട്ടോ ഇംഗ്ലീഷ് മിഡിൽസ്കൂൾ നാർമൽ സൎട്ടിഫിക്കെട്ടോ ഫയർ ഗ്രേഡ്സർഫിക്കെട്ടോ ധരിച്ചവരായും ഇരിക്കേണ്ടതാകുന്നു. ഡ്രില്ലും കായികാഭ്യാസവും പഠിപ്പിക്കുന്ന വാദ്ധ്യാർ ഡ്രായിങ്ങ്, തയ്യൽ, പാട്ടു മുതലായ പ്രസിദ്ധപ്പെടുത്താവുന്ന മററു വിഷയങ്ങൾ പഠിപ്പിക്കുന്നവരും അവരുടെ യോഗ്യതയുള്ള വിശേഷാൽ സൎട്ടിഫിക്കെട്ട് ഉള്ളവരായിരിക്കേണ്ടതും ആ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു പൂൎണ്ണമായ ശേഷിയുള്ളവരായിരിക്കേണ്ടതും ആകുന്നു. എന്നാൽ ഈ വകുപ്പിൽ വിവരിച്ചിരിക്കുന്ന ടെയിൻഡ് ടീച്ചേർസ് സൎട്ടിഫിക്കെട്ടുകൾ ധരിച്ചിരുന്നോ നിൎബ്ബന്ധമില്ല.

൧൭൪. താഴെ എഴുതിയിരിക്കുന്ന വിവരങ്ങൾ കാണിച്ച പാഠസമയ വിവരപ്പട്ടികകൾ ഓരോ ശിക്ഷാക്രമ വിദ്യാലയത്തിലും വച്ചിരിക്കേണ്ടതാകുന്നു.

(എ) പഠിപ്പിക്കലും മേൽ പരിശോധനയും ഉൾപ്പെടെ ആ പാഠശാലയിലെ വാദ്ധ്യാർമാരുടെയിടയിൽ ജോലിയെ വീതിക്കൽ

(ബി) ശിക്ഷാക്രമം പരിശീലിക്കുന്ന വാദ്ധ്യാർമാർ ഓരോ മണിക്കൂറിലും ഇന്നയിന്ന പണിയിൽ ഏൎപ്പെട്ടിരിക്കണം എന്നുള്ളവിവരം.

(സി) ശിക്ഷാക്രമം പരിശീലിക്കുന്ന ഓരോ വാദ്ധ്യാൎക്കും കൊടുത്തിട്ടുള്ള പ്രായോഗിക ജോലി.

(എ) പാഠസമയ പട്ടികയിൽ ആ പാഠശാലയിലെ ഒന്നാം വാദ്ധ്യാർ പൊതുവെ മേൽ പരിശോധന നടത്തുന്നതിനു വേണ്ട വ്യവസ്ഥ ചെയ്തിരിക്കേണ്ടതാകുന്നു

൧൭൫. ടെയിനിങ്ങ് കാളേജുകളിൽ പാഠശാലാവൎഷം മദ്രാസ്യൂണിവെൎസിററിയിലെ ചട്ടങ്ങൾക്ക അനുസരിച്ചിരിക്കേണ്ടതാകുന്നു.

൧൭൬. ടെയിനിംങ്ങ് കാളേജുകളിൽ പരിശീലന കാലാവധി മദ്രാസ് യൂണിവെൎസിററിയിലെ ചട്ടങ്ങൾക്ക അനുസരിച്ചിരിക്കേണ്ടതാകുന്നു.

൧൭൭. ശിക്ഷാക്രമ പാഠശാലകളിൽ പാഠശാലാ വൎഷം മേ മാസം ൧൫നു- കഴിഞ്ഞുള്ള ആദ്യത്തെ തിങ്കളാഴ്ച ആരംഭിക്കേണ്ടതും ൧൮൦-ൽ കുറയാതെ സാദ്ധ്യായ ദിവസങ്ങൾ അടങ്ങിയതായിരിക്കേണ്ടതും ആകുന്നു. സാദ്ധ്യായ ദിവസങ്ങൾ ഒരു സെക്കണ്ടറി പാഠശാലയിൽ ഉള്ളതോളം ദിവസങ്ങളായിരിക്കേണ്ടതാകുന്നു.

൧൭൮. ശിക്ഷാക്രമ പാഠശാലയിൽ പരിശീലനത്തിനുള്ള കാലാവധി രണ്ടു പാഠശാലാവൎഷങ്ങൾ ആകുന്നു.

൧൭൯. ഒരു ശിക്ഷാക്രമ വിദ്യാലയത്തിലെ മാതൃകാ പാഠശാലയിൽ ഓരോക്ലാസിലും ൩൦ൽ കവിഞ്ഞു എണ്ണം വിദ്യാൎത്ഥികൾ ഉണ്ടായിരിക്കരുതു.

൧൱൦. പരിശീലനത്തിനായി തിരിഞ്ഞെടുക്കപ്പെട്ട വാദ്ധ്യാർമാർ ഓരോ പാഠശാലാ വർഷത്തേയും ആദ്യത്തെ സാദ്ധ്യായ ദിവസത്തിൽ ശിക്ഷാക്രമ പാഠശാലയിൽ ചേരേണ്ടതാകുന്നു. നല്ല കാരണം കാണിക്കുകയും ഉദ്യോഗസംബന്ധമായ മേലധികാരിയുടെ അനുമതിലഭിക്കയും ചെയ്തിരിക്കുന്നതായാൽ വാദ്ധ്യാർമാരെ ആദ്യത്തെ സാദ്ധ്യായ ദിവസം വരെ ഓരോ ശിക്ഷാക്രമപാഠശാലയിലും ഹെഡ് മാസ്റ്റർ ചേർക്കാവുന്നതാകുന്നു.

൧൱൧. മതിയായ ഒരു മെഡിക്കൽ അധികാരസ്ഥൻ സാക്ഷ്യപ്പെടുത്തീട്ടുള്ള കാരണത്തിന്മേൽമാത്രം ഒരു ശിക്ഷാക്രമ പാഠശാലയിൽനിന്നു പിൻവലിക്കുന്നതിനു അനുവദിക്കുന്നതാകുന്നു.

൧൱൨. തിരുവനന്തപുരത്തിലുള്ള ശിക്ഷാക്രമകാളേജിൽ പരിശീലനത്തിനായി ചേരണമെന്നു ആഗ്രഹിക്കുന്ന ആൾ തന്റെ അപേക്ഷയെ സെക്കണ്ടറിസ്കൂൾ ഇൻസ്പെക്ടർക്കു പാഠശാലാവർഷത്തിനു രണ്ടു മാസത്തിനു കുറയാതെ കാലത്തിനു മുമ്പിൽ അയക്കേണ്ടതാകുന്നു. മററു വല്ലഡിപ്പാട്ട്മെണ്ടൽ ശിക്ഷാക്രമവിദ്യാലയത്തിലും ചേരണമെന്നു അപേക്ഷിക്കുന്ന ആൾ തന്റെ അപേക്ഷയെ സംബന്ധപ്പെട്ട ഇൻസ്പെക്ടിങ് ആഫീസർക്കു പാഠശാലാവർഷത്തിനു രണ്ടു മാസത്തിൽ കുറയാതെ കാലത്തിനു മുമ്പെ അയക്കേണ്ടതാകുന്നു. ഇൻസ്പെക്ടിംഗ് ആഫീസർ ആ അപേക്ഷയെ ഡയറക്ടർക്കു അയക്കേണ്ടതാകുന്നു. ഒരാൾ കീഴ്വക അംഗീകരിക്കപ്പെട്ട ശിക്ഷാക്രമ വിദ്യാലയത്തിൽ ചേരണമെന്നു ആഗ്രഹിക്കുന്നതായാൽ അയാൾ ആ പാഠശാലയിലെ മാനേജർക്കു തന്റെ അപേക്ഷയെ അയക്കേണ്ടതാകുന്നു. ശിക്ഷാക്രമപദ്ധതി പഠിക്കുന്നതിനും പിന്നീടു ഒരു വാദ്ധ്യാരായി സേവിക്കുന്നതിനും വേണ്ട ആരോഗ്യവും ദേഹബലവും ഉണ്ടെന്നുള്ളവകയ്ക്കു ഒരു സർട്ടിഫിക്കേറ്റ് അപേക്ഷയോടുകൂടി അയയ്ക്കണം. ആരോഗ്യത്തേയും ദേഹബലത്തേയും കുറിച്ചു സർട്ടിഫിക്കേറ്റ് ഒരു സബ് അസിസ്റ്റണ്ടു സർജനെക്കാൾ സ്ഥാനവലിപ്പം കുറയാത്ത മെഡിക്കൽ ആഫീസർ കൊടുത്ത സർട്ടിഫിക്കേറ്റായിരിക്കേണ്ടതാകുന്നു.

൧൱൩. ശിക്ഷാക്രമ പാഠശാലയിൽ ചേരുന്ന കാലത്തു പതിനഞ്ചു വയസ്സു പ്രായം തികയാത്ത യാതൊരു വാദ്ധ്യാരേയും ഒരു ശിക്ഷാക്രമ പാഠശാലയിൽ ചേർക്കുന്നതല്ല. മുപ്പത്തഞ്ചുവയസ്സിനുമേൽ ഉള്ളവരുടെ സംഗതിയിൽ അവരെ ചേർക്കും മുമ്പെ ഡൈറെക്ടരുടെ അനുമതി ലഭിക്കേണ്ടതാകുന്നു.

൧൱൪. ഡിപ്പാട്ട്മെണ്ടൽ ഭരണത്തിൽ ഇരിക്കുന്ന ശിക്ഷാക്രമ പാഠശാലകളിൽ വല്ല കൊല്ലത്തിലും പരിശീലത്തിനായി തിരിഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ നാലിൽ ഒരു ഭാഗം കീഴ്വക മാനേജ്മെണ്ടിൻ കീഴിൽ ഉള്ള പാഠശാലകളിലെ വാദ്ധ്യാർമാരായിരിക്കാവുന്നതാകുന്നു.

൧൱൫. ശിക്ഷാക്രമ പാഠശാലകളിൽ ഫീസിനു പ്രമാണമായ നിരക്കുകൾ താഴെ എഴുതിയിരിക്കുന്നവയാകുന്നു.

(എ) ശിക്ഷാക്രമ കാളേജുകൾ-ആണ്ടൊന്നുക്കു ൧൫൦ രൂപാ
(ബി) ശിക്ഷാക്രമപാഠശാലകളിൽ.
ഉയർന്നതരം———ആണ്ടൊന്നുക്കു ൩൦ രൂപാ
താണതരം ———ആണ്ടൊന്നുക്കു ൩൦ രൂപാ

ശിക്ഷാക്രമം അഭ്യസിക്കുന്ന എല്ലാ വാദ്ധ്യാർമാരും ഫീസ് കൊടുക്കേണ്ടതാകുന്നു.

൧൱൬. ഡിപ്പാട്ട്മെണ്ടൽ വിദ്യാലയങ്ങളിൽ വാദ്ധ്യാർമാർക്കുള്ള ഡെപ്യൂട്ടേഷൻ അലവൻസ് താഴെ എഴുതിയിരിക്കുന്ന ക്രമത്തിൽ ആകുന്നു.

	പുരുഷന്മാർ	സ്ത്രീകൾ
	രൂപാ	രൂപാ
കാളേജിനു മാസം ഒന്നുക്കു	൫൦	ടി ൫൦
ഉയർന്നതരം, ശിക്ഷാക്രമ പാഠശാലകൾക്കു മാസം ഒന്നുക്കു	൨൫	ടി ൨൫
താണതരം ശിക്ഷാക്രമ പാഠശാലകൾക്കു മാസം ഒന്നുക്കു	൧൨॥	ടി ൧൫

൧൱൭. കീഴ്വക ഭരണത്തിൽ ഇരിക്കുന്ന ശിക്ഷാക്രമ വിദ്യാലയങ്ങളിൽ മനേജർ യുക്തം എന്നു വിചാരിക്കാവുന്ന വിധത്തിലോ തുകയിലോ ശിക്ഷാക്രമം പരിശീലിക്കുന്ന വാദ്ധ്യാർമാർക്കു സ്റ്റൈപ്പെണ്ഡ് കൊടുക്കാൻ സ്വാതന്ത്ര്യം ഉണ്ടു എന്നാൽ അങ്ങനെയുള്ള എല്ലാ സംഗതികളിലും ഏതു നിബന്ധനകൾ അനുസരിച്ചു സ്റ്റൈപ്പെണ്ഡ കൊടുക്കുന്നുവൊ ആ നിബന്ധനകളെ രേഖാമൂലം വിവരിക്കേണ്ടതും സ്റ്റൈപ്പെണ്ഡ്; വാങ്ങിക്കുന്നയാൾ അതിന്നു സമ്മതിച്ചിരിക്കേണ്ടതും ആകുന്നു എന്നു വരികിലും ൧൱൬-ം വകുപ്പിൽ വിവരിച്ചിരിക്കുന്ന അലവൻസുകളെ കവിഞ്ഞുള്ള യാതൊരു സ്റ്റൈപ്പെണ്ഡിലേക്കും ഈ കോഡിലെ ൧൧൩ (എച്) വകുപ്പു അനുസരിച്ചു യാതൊരു ഗ്രാണ്ടുംകൊടുക്കുന്നതല്ല.

൧൱൮. ഡിപ്പാട്ട്മെണ്ടൽ പാഠശാലകളിൽ നിന്നു ശിക്ഷാക്രമ പാഠശാലകളിലേക്കു അയക്കപ്പെട്ടിരിക്കുന്നോരും ഡെപ്യൂട്ടേഷൻ അലവൻസ് വാങ്ങിക്കുന്നോരും എല്ലാ വാദ്ധ്യാർമാരും

എം. അനുബന്ധത്തിലൊ എൻ. അനുബന്ധത്തിലൊ വിവരിച്ചിരിക്കുന്ന ഫാറത്തിൽ ഗവർമ്മെണ്ടിലേക്ക ഒരു ഉടമ്പടി എഴുതികൊടുക്കേണ്ടതാകുന്നു.

൯൯. പാഠശാലയിൽ ചേർന്നുപരിശീലിക്കുന്നതുകൊണ്ടു ഗുണപ്പെടാൻ അശക്തൻ എന്നു വല്ല ശിക്ഷാക്രമവിദ്യാലയത്തിലെയും ഹെഡ് മാസ്റ്റർക്ക അഭിപ്രായം ഇരിക്കുന്നേയൊ അല്ലെങ്കിൽ അവധികൂടാതെ ഹാജരാകാതിരിക്കയൊ തന്റെ ജോലിയിൽ സംബന്ധമായി ഉപേക്ഷയുള്ളവനായിരിക്കയൊ ഗൌരവപ്പെട്ട സ്വഭാവത്തെത്തൊറ്റംഎന്നുള്ള ദോഷം ഉള്ളവനായിരിക്കയൊ ചെയ്യുന്ന ഏതു വാദ്ധ്യാരേയും പററി ആ ഹെഡ് മാസ്റ്റർ തന്റെ ഉദ്യോഗസംബന്ധമായ മേലധികാരിക്ക എഴുതി ബോധിപ്പിക്കേണ്ടതാകുന്നു.

൯൦. ഓരൊ ശിക്ഷാക്രമ വിദ്യാലയത്തിലും താഴെ ചേർത്തിരിക്കുന്ന രെജിസ്റ്ററുകളും റിക്കാർഡുകളും വച്ചിരിക്കേണ്ടതാകുന്നു:—

(എ) അഡ്മിഷൺ രെജിസ്റ്റർ
(ബി) ഹാജർപുസ്തകം
(സി) ഫീസ്കൊടുത്തതിനുള്ള പുസ്തകം
(ഡി) വാദ്ധ്യാർമാരുടെ ഹാജർപുസ്തകം
(ഇ) ശമ്പളത്തിരുവപുസ്തകം
(എഫ്) സമയവിവരപ്പട്ടികപുസ്തകം
(ജി) ലാഗ്ബുക്ക
(എച്ച്) ലെററർബുക്ക
(ഐ) കിട്ടിയ ലെട്ടർകളുടെ ഫൈൽ
(ജെ) സ്റ്റാക്കബുക്ക (സാമാനവിവരപുസ്തകം)
(കെ) മ്യൂസിയത്തിലുള്ള സാമാനങ്ങളുടെ പട്ടിക
(എൽ) ലൈബ്രറിയിൽ ഉള്ള പുസ്തകങ്ങളുടെ പട്ടിക
(എം) ലൈബ്രറിയിൽനിന്നു പുസ്തകങ്ങൾ വെളിയിൽ കൊടുത്തവകയ്ക്കുള്ള രെജിസ്റ്റർ
(എൻ) ശിക്ഷാക്രമം അഭ്യസിക്കുന്ന വാദ്ധ്യാർമാരുടെ പ്രായോഗിക പ്രവൃത്തികളുടെ രെജിസ്റ്റർ
(ഒ) പ്രാഗ്രസ് രെജിസ്റ്റർ
(പി) ശിക്ഷാക്രമം അഭ്യസിച്ച വാദ്ധ്യാർമാർക്കകൊടുത്ത അവധിവക രെജിസ്റ്റർ
(ക്യൂ) ശിക്ഷാക്രമം അഭ്യസിച്ചതിന്റെ ശേഷം വാദ്ധ്യാർമാരുടെ ചരിത്രം

അനുബന്ധം എം.

ഉടമ്പടി.

ഇതിനാൽ എല്ലാവരും അറിയേണ്ടതെന്തെന്നാൽ — ലെ ആയ ഞാൻ തിരുവിതാംകോട്ടു ഗവർമ്മെണ്ടിലേക്കായും ആ ഗവർമ്മെണ്ടിനുവേണ്ടിയും പ്രവൃത്തിക്കുന്ന തിരുവിതാംകോട്ടു ദിവാൻജി ക്കൊ അദ്ദേഹത്തിന്റെ അററാർണിക്കൊ ഈ ഉദ്യോഗത്തിൽ പിന്നീട വരുന്നവർക്കോ തിരുകാക്കൊ രൂപാ കൊടുപ്പാനായി ഇതിനാൽ മേല്പടി തിരുവിതാംകോട്ടു ദിവാൻജിക്കകടപ്പെട്ടിരിക്കയും ആ സംഖ്യ കൊടുക്കേണ്ടതിലേക്കായി ൯൦ ാം തിയതിക്കശരിയായ ൧൦൮ മാണ്ട മാസം ൨–ായ ഇന്നെ ദിവസം എഴുതിയതും എന്റെ കയ്യൊപ്പും മുദ്രയും വെച്ചതുമായ ഈ ആധാരത്താൽ എന്നെയും എന്റെ മരണശാസനം നടത്തുകാരെയുംസ്വത്തുവിചാരിപ്പുകാരെയും നിബദ്ധരാക്കുകയും ചെയ്യുന്നു.

മദ്രാസ് യൂനിവേർസിട്ടിയിലെ ലൈസെൻഷിയേട ഇൻ ടീചിങ്ങ ഡിഗ്രി പരീക്ഷക്കായി ഗവർമ്മെണ്ട ചിലവിന്മേൽ ശിക്ഷാക്രമം പരിശീലിക്കുന്നതിലേക്കായി ഞാൻ പാഠശാലാ വർഷത്തിൽ തിരുവനന്തപുരം ടീച്ചർസ് ട്രെയിനിങ്ങ കാളേജിൽ ചേർന്നു പഠിക്കുന്ന കാലത്തെയ്ക്ക മാസം ഒന്നുക്ക ആൻപതു സക്കാർരൂപാ വീതം ഡെപ്യൂട്ടേഷൻ അലവൻസ മേൽപ്രകാരം നിബദ്ധനായ എനിക്ക തന്നിട്ടുള്ളതും അപ്രകാരം ഉള്ള അലവൻസോടു കൂടി എന്നെ ആ കാളേജിൽ ചേക്കകയും ഞാൻ ആ കാളേജിൽ ചേരുകയും ചെയ്തിട്ടുള്ളതും ആകകൊണ്ടും അപ്രകാരം ഡെപ്യൂട്ടേഷൻ അലവൻസോടു കൂടിയ വാദ്ധ്യാരായി ഞാൻ ചെയ്യേണ്ട കർത്തവ്യങ്ങളെ വിശ്വാസപൂർവം ചെയ്യുമെന്നുള്ളതിലേക്കും ആ നിലയിൽ എനിക്ക തന്നിട്ടുള്ള എല്ലാ പണങ്ങളേയും മടക്കി കൊടുക്കുമെന്നുള്ളതിലേക്കും ഉറപ്പായും ഇതിൻ വഴിയെ എഴുതിയിരിക്കുന്ന വ്യവസ്ഥയോടുകൂടി മേൽപ്രകാരം നിബദ്ധനായ ഞാൻ മേല്പറഞ്ഞ ഈ രൂപായ്ക്ക ഒരു കച്ചീട്ടു എഴുതി കൊടുക്കണമെന്നു സമ്മതിച്ചിരിക്കകൊണ്ടും മേല്പറഞ്ഞ കച്ചീട്ടിലെ വ്യവസ്ഥ എന്തെന്നാൽ —മേല്പറഞ്ഞ നിബദ്ധനായ ഞാൻ

മേല്പറഞ്ഞ അലവൻസ് എത്ര കാലത്തേക്ക തരുന്നതായിരിക്കുന്നുവൊ ആ കാലത്തേക്ക തിരുവനന്തപുരത്തുള്ള ടീച്ചേർസ് ട്രെയിനിങ് കാളേജിൽ ചേൎന്നിരിക്കുകയും ലൈസൻഷിയേട് ഇൻ ട്രെയിനിംഗ് ഡിഗ്രിക്ക മദ്രാസ യൂനിവേർസിററി നിശ്ചയിച്ചിട്ടുള്ള മുഴുവൻ പാഠപദ്ധതിയും അഭ്യസിക്കയും ചെയ്യേണ്ടതും, ലൈസൻഷിയേററ് ഇൻ ടീച്ചിങ് ആയി യോഗ്യത സമ്പാദിക്കുന്നതിന് ആവശ്യമുള്ള പിന്നീട് അടുത്തു വരുന്ന പരീക്ഷയിൽ ചേരേണ്ടതും ആവശ്യമുണ്ടായിരുന്നാലും അപ്രകാരം ചേരുന്നതിന അനുവദിക്കുന്നതായിരുന്നാലും മുൻപറഞ്ഞതുപോലെ ഞാൻ യോഗ്യത സമ്പാദിക്കുന്നതുവരെ തുടൎച്ചയായി വരുന്ന ഓരോ പരീക്ഷയ്ക്കും ചേൎന്നുകൊള്ളേണ്ടതും, അപ്രകാരം നിശ്ചയിച്ചതായ അഭ്യാസ പദ്ധതി പൂൎത്തിയാക്കുകയും പരീക്ഷയിൽ ജയിക്കയും ചെയ്തതിന്റെ ശേഷം ഗവർണ്മെണ്ട് അംഗീകരിച്ചിട്ടുള്ളതായ തിരുവിതാംകോട്ടുള്ള ഒരു പാഠശാലയിലൊ പാഠശാലകളിലൊ അദ്ധ്യാപകവൃത്തിയെ തുടരേണ്ടതും പരിശീലന കാലത്തിന്റെ അവസാനത്തിൽ ഉള്ള പരീക്ഷകം കഴിഞ്ഞതിൽ പിന്നെ മേല്പറഞ്ഞ പാഠശാലയിൽ ഒരു വാദ്ധ്യാരായി കുറഞ്ഞപക്ഷം ൫ കൊല്ലം കാലത്തേയ്ക്ക എങ്കിലും സേവിച്ചുകൊള്ളേണ്ടതും, അപ്രകാരമുള്ള അഭ്യാസകാലത്തിനിടയ്ക്ക തിരുവനന്തപുരത്തുള്ള മേല്പറഞ്ഞ ടീച്ചേർസ ട്രെയിനിങ കാളേജിൽ ശിക്ഷാക്രമം അഭ്യസിക്കുന്ന വാദ്ധ്യാരെ സംബന്ധിച്ച ഗവർണ്മെണ്ട് വിധിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളേയും ഞാൻ അനുസരിച്ചു നടക്കേണ്ടതും, മേല്പറഞ്ഞ അഞ്ചു കൊല്ലം കാലത്തിനിടയിൽ മേല്പറഞ്ഞ അംഗീകരിച്ച പാഠശാലകളിലെ വാദ്ധ്യാർമാരെ സംബന്ധിച്ച ഗവണ്മെണ്ട വിധിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളേയും ഞാൻ അനുവൎത്തിച്ചു നടക്കേണ്ടതും ശിക്ഷാക്രമം അഭ്യസിച്ച വിദ്യാൎത്ഥികളുടെ ചരിത്രം മേല്പറഞ്ഞ ട്രെയിനിങ് കാളേജിലെ പ്രിൻസിപാൽ എഴുതിവച്ചുകൊള്ളുന്നതിന ഇടയാക്കുന്നതിലേക്കായി അതാതുകാലം വിധിക്കുന്ന അറിവുകളെ മേല്പറഞ്ഞ പ്രിൻസിപ്പാലിനു ഞാൻ തെരിയപ്പെടുത്തി കൊടുക്കേണ്ടതും തിരുവനന്തപുരത്തുള്ള മേല്പറഞ്ഞ ട്രെയിനിങ് കാളേജിൽ മേല്പറഞ്ഞതുപോലെ ഉള്ള അഭ്യാസകാലത്തിനിടയിൽ ഞാൻ മററു യാതൊരു വൃത്തിയിലൊ തൊഴിലിലോ കച്ചവടത്തിലോ ഏൎപ്പെട്ടുകൂടാത്തതും ആകുന്നു. അല്ലെങ്കിൽ മേല്പറഞ്ഞതുപോലെ പൂൎണ്ണമായ അഭ്യാസ പദ്ധതി അഭ്യസിക്കാതിരിക്കുകയോ മേല്പറഞ്ഞ വിധത്തിൽ തിരുവിതാംകോട്ടിലുള്ള അംഗീകരിക്കപ്പെട്ട പാഠശാലയിലോ പാഠശാലകളിലൊ അതിൽ പിന്നീട് ഒരു വാദ്ധ്യാരായി ൫ കൊല്ലം കാലത്തേയ്ക്ക സേവിയ്ക്കാതിരിക്കുകയൊ മേല്പറഞ്ഞ വിധത്തിൽ ഉള്ള ചട്ടങ്ങളേയോ അവയിൽ വല്ലതിനേയുമൊ അനുവൎത്തിച്ചു നടക്കാതിരിക്കുകയൊ ഞാൻ അനുവൎത്തിക്കേണ്ടതായി ഇതിൽ പറഞ്ഞിട്ടുള്ള മററു വല്ല വ്യവസ്ഥകളിൽ വല്ലതിനേയും ഞാൻ അനുവൎത്തിക്കാതിരിക്കുകയൊ ചെയ്യുന്ന പക്ഷം മേല്പറഞ്ഞ ആയ ഞാനൊ എന്റെ മരണശാസനം നടത്തുകാരൊ സ്വത്തു വിചാരിപ്പുകാരൊ ആകട്ടെ, ഞാൻ മേല്പറഞ്ഞ ശമ്പളം ഉള്ള വിദ്യാൎത്ഥിയായിരിക്കുന്ന കാലത്തു, ഒരു മതിയായ മെഡിക്കൽ ആഫീസരാൽ സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുള്ള ദേഹസൌഖ്യക്കുറവുകൊണ്ടല്ലാതെ മററു കാരണത്താൽ അദ്ധ്യാപകരായിരിപ്പാൻ വീഴ്ച ചെയ്യുന്നവരിൽ നിന്നു പിരിച്ചെടുക്കുന്നതായി ഗവണ്മെണ്ടിൽ നിന്നു വാങ്ങിയ എല്ലാ പണങ്ങളും മേല്പറഞ്ഞ തിരുവിതാംകോട്ടു ദിവാൻജിക്കൊ അദ്ദേഹത്തിന്റെ പിൻതുടൎച്ചക്കാരൎക്കൊ തിരികെ മടക്കികൊടുക്കുന്നു. ആ വക ഓരോ സംഗതിയിലും മേല്പറഞ്ഞ കച്ചീട്ടിനു ബലമില്ലാതെപോകയും അല്ലാത്ത പക്ഷം അതിനു പൂൎണ്ണബലമുണ്ടായിരിക്കയും ചെയ്യും എന്നു മേല്പറഞ്ഞ

ആറാം }
മുമ്പാകെ }

ഒപ്പും മുദ്രയും വച്ചു കൊടുക്കപ്പെട്ടു.——ഇതിനുസാക്ഷി ഫ വ

അനുബന്ധം എൻ.

ഉടമ്പടി

ഇതിനാൽ എല്ലാവരും അറിയേണ്ടതെന്തെന്നാൽ:— ആയ ഞാൻ തിരുവിതാംകോട്ട ഗവൎണ്മെണ്ടിലേക്കായും തിരുവിതാംകോട്ട ഗവർണ്മെണ്ടിനുവേണ്ടിയും പ്രവൎത്തിക്കുന്ന ദിവാൻജിക്കൊ, അദ്ദേഹത്തിന്റെ അററോർണിക്കൊ, ഈ ഉദ്യോഗത്തിൽ പിന്നീട വരുന്നവൎക്കൊ തക്കാൎക്കൊ രൂപാ കൊടുപ്പാനായി ഇതിനാൽ ടി ദിവാൻജിക്ക കടപ്പെട്ടിരിക്കയും ആ സംഖ്യ കൊടുക്കേണ്ടതിലേക്കായി

ഒരായിരത്തി തൊള്ളായിരത്തി വൎഷം
തിയതിക്കു ശരിയായ ഒരായിരത്തി എണ്ണൂററി മാണ്ട മാസം

തീയതി ആയ ഇന്നേദിവസം എഴുതിയതും എന്റെ കയ്യൊപ്പും മുദ്രയും വച്ചതും ആയ ഈ ആധാരത്താൽ എന്നേയും എന്റെ മരണശാസനം നടത്തുകാരെയും സ്വത്തുവിചാരിപ്പുകാരേയും നിബന്ധനയാക്കുകയും ചെയ്യുന്നു.

ഗവർണ്മെണ്ടു ചിലവിന്മേൽ വാദ്ധ്യാരായി ശിക്ഷാക്രമം പരിശീലിക്കുന്നതിലേക്കായി രണ്ടു പാഠശാലാവൎഷം കാലത്തേക്ക മാസം ഒന്നുക്ക സൎക്കാർ രൂപാ വരും ഡെപ്യൂട്ടേഷൻ അലവൻസ് മേൽപ്രകാരം നിബ

ധൻ ആയ എനിക്ക തന്നിട്ടുള്ളതുകൊണ്ടും അപ്രകാരം ശിക്ഷാക്രമം അഭ്യസിക്കുന്നതിലേക്കാ
യി ഡെപ്യൂട്ടേഷൻ അലവൻസോടുകൂടി എന്നെ ചേക്കുകയും ഞാൻ അതിൽ
ചേരുകയും ചെയ്തിട്ടുള്ളതുകൊണ്ടും അപ്രകാരം ഉള്ള ഡെപ്യൂട്ടേഷൻ അലവൻസോടുകൂടിയ ഞാൻ
ചെയ്യേണ്ടുന്ന കർത്തവ്യങ്ങളെ വിശ്വാസപൂർവം ചെയ്യുമെന്നുള്ളതിലേക്കും ആ നിലയിൽ എനിക്കു
തന്നിട്ടുള്ള എല്ലാ പണങ്ങളേയും മടക്കി കൊടുക്കുമെന്നുള്ളതിലേക്കും ഉറപ്പായി ഇതിൽ വഴിയെ
എഴുതിയിരിക്കുന്ന വ്യവസ്ഥകളോടുകൂടി മേൽപ്രകാരം നിബന്ധനായ
ഞാൻ മേൽപറഞ്ഞ രൂപായ്ക്കു ഒരു കച്ചീട്ടു എഴുതികൊടുക്കണമെന്ന സമ്മതി
ച്ചിരിക്കകൊണ്ടും, മേൽപറഞ്ഞ കച്ചീട്ടിലെ വ്യവസ്ഥ എന്തെന്നാൽ, മേൽപറഞ്ഞ നിബ
ന്ധനായ ഞാൻ മേൽപറഞ്ഞ ഡെപ്യൂട്ടേഷൻ അലവൻസ് കിട്ടുന്ന രണ്ടുവഷം കാലത്തേ
ക്ക ൽ ചേന്നിരിക്കുകയും
ക്ക ഗവർൺമെണ്ട് നിശ്ചയിച്ചിട്ടുള്ള മുഴുവൻ പാഠപദ്ധതിയേയും അഭ്യസിക്കുകയും, ചെയ്യേ
ണ്ടതും, ശിക്ഷാക്രമ പരിശീലനത്തിനുള്ള കാലാവധി തീന്നുകഴിഞ്ഞ രണ്ടുവഷം കാലത്തേക്കു
കഴിയാതെ വിദ്യാഭ്യാസഡൈരെക്ടർ ആവശ്യമെന്നു വിചാരിക്കുന്ന കാലത്തോളം വി
ദ്യാഭ്യാസ ഡൈരെക്ടർ അനുവദിക്കാവുന്ന വല്ല പള്ളിക്കൂടത്തിലും
വാധ്യാരായി പ്രൊബേഷണായി ജോലി നോക്കികൊള്ളേണ്ടതും, ശിക്ഷാക്രമ കാലവും
പ്രൊബേഷൻ കാലവും കഴിഞ്ഞാൽ പിന്നീട ശിക്ഷാക്രമം പരിശീലിച്ച
യി യോഗ്യത സമ്പാദിക്കുന്നതിന്നു അടുത്തുവരുന്ന പ
രീക്ഷയിൽ ചേന്നുകൊള്ളേണ്ടതും, ആവശ്യമാണെന്നു കാണുന്നപക്ഷവും അനുവദിക്കുന്നപ
ക്ഷവും മുൻപറഞ്ഞതുപോലെയുള്ള യോഗ്യത സമ്പാദിക്കുന്നതുവരെ തുടച്ചയായി വരുന്ന മറ്റു
പരീക്ഷയിലും ചേന്നുകൊള്ളേണ്ടതും, ശിക്ഷാക്രമം പരിശീലിക്കുകയും നിശ്ചിതം ശിക്ഷ ഭ...
യിക്കുകയും ചെയ്തതിൽ പിന്നെ ഗവൺമെണ്ട് അംഗീകരിച്ചിട്ടുള്ളതായ തിരുവിതാംകോട്ടിലുള്ള
പള്ളിക്കൂടത്തിലൊ പള്ളിക്കൂടങ്ങളിലൊ വാധ്യാരായി ശിക്ഷാക്രമം അഭ്യസിച്ചതിൽ പിന്നെയു
ള്ള പരീക്ഷകൾ കഴിഞ്ഞതിൽ പിന്നീട കുറഞ്ഞപക്ഷം അഞ്ചുവഷം കാലത്തേക്ക ആ പ്രവൃ
ത്തിയെ അനുവത്തിക്കയും സേവിക്കയും ചെയ്യേണ്ടതും മേല്പറഞ്ഞ
ഡെപ്യൂട്ടേഷൻ അലവൻസോടുകൂടിയിരിക്കുന്ന വാധ്യാർ
മാക്കായി ഗവർൺമെണ്ടിൽ നിന്നു നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളെ മേല്പറഞ്ഞവിധത്തിൽ ശി
ക്ഷാക്രമം അഭ്യസിക്കുന്ന കാലത്തു ഞാൻ അനുസരിച്ചു നടക്കേണ്ടതും മേല്പറഞ്ഞ അഞ്ചു
കൊല്ലം കാലത്തിനിടയിൽ മേല്പറഞ്ഞ അംഗീകൃതമായ പാഠശാലകളിലെ വാധ്യാർമാരെസം
ബന്ധിച്ചു ഗവർൺമെണ്ട വിധിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളേയും അനുവത്തിച്ചു നടക്കേണ്ടതും,
മേല്പറഞ്ഞ അഞ്ചുവഷം കാലത്തിനിടയിൽ ശിക്ഷാക്രമം പരിശീലിച്ച വാധ്യാർമാരുടെ ചരിത്രം
എഴുതിവച്ചുകൊള്ളുന്നതിനു ഇടയാകുന്നതിലേക്കായി അ
താതുകാലം വിധിക്കുന്ന അറിവുകളും മേല്പറഞ്ഞ അഞ്ചുകൊല്ലം കാലത്തിനിടയ്ക്കു മേല്പറഞ്ഞ
ഇന്നാരെ തെര്യപ്പെടുത്തേണ്ടതും മേല്പറഞ്ഞ
ൽ ശിക്ഷാക്രമം അഭ്യസിക്കുന്ന കാലത്തിനിടയിൽ ഞാൻ മറ്റുയാതൊരു വൃ
ത്തിയിലൊ, തൊഴിലിലൊ, കച്ചവടത്തിലൊ ഏപ്പെട്ടുകൂടാത്തതും ആകുന്നു. അല്ലെങ്കിൽ മേ
ല്പറഞ്ഞ മുൻ പറഞ്ഞപ്രകാരം പൂണ്ണമായ അഭ്യാസപദ്ധതി അഭ്യ
സിക്കാതിരിക്കുകയൊ, മേല്പറഞ്ഞവിധത്തിൽ തിരുവിതാംകോട്ടിലുള്ള അംഗീകൃതമായ പാഠശാ
ലയിലൊ പാഠശാലകളിലൊ പിന്നെ അഞ്ചുകൊല്ലം കാലത്തേക്ക ഒരു വാധ്യാരായി സേവി
ക്കാതിരിക്കുകയൊ മേല്പറഞ്ഞവിധത്തിലുള്ള ചട്ടങ്ങളെയൊ അവയിൽ വല്ലതിനേയുമൊ അ
നുവത്തിച്ചു നടക്കാതിരിക്കയൊ, ഞാൻ അനുവത്തിക്കേണ്ടതായി ഇതിൽ പറഞ്ഞിട്ടുള്ള മറ്റു
വ്യവസ്ഥകളെ വല്ലതിനേയും ഞാൻ അനുവത്തിക്കാതിരിക്കയൊ ചെയ്യുന്നപക്ഷം മേല്പറഞ്ഞ
ആയ ഞാനൊ എന്റെ മരണശാസനം നടത്തുകാരനൊ സ്വത്തുവിചാരി
പ്പുകാരനൊ ആകട്ടെ ഞാൻ മേല്പറഞ്ഞ ശമ്പളമുള്ള വിദ്യാർത്ഥിയായിരിക്കുന്നകാലത്തു ഒരു മതി
യായ മെഡിക്കൽ ആഫീസരാൽ സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുള്ള ദേഹസൌഖ്യക്കുറവുകൊണ്ടല്ലാ
തെ മറ്റുകാരണത്താൽ അദ്ധ്യാപകനായിരിക്കാൻ വഴ്ചചെയ്യുന്നതിൽ നിന്നു പിരിച്ചുവിടുന്നു
തായി ഗവർൺമെണ്ടിൽ നിന്നു വാങ്ങിയ എല്ലാ പണങ്ങളും മേല്പറഞ്ഞ തിരുവിതാംകോട്ടു ദിവാൻ
ജിക്കൊ അദ്ദേഹത്തിന്റെ പിൻതുടച്ചക്കാരനൊ തിരികെ മടക്കിക്കൊടുക്കുന്നു. ആ വക മേരാ
സംഗതിയിലും മേല്പറഞ്ഞ കച്ചീട്ടിന്നു ബലമില്ലാതെ പോകയും, അല്ലാത്തപക്ഷം അതിനു പൂർണ്ണ
ബലം ഉണ്ടായിരിക്കയും ചെയ്യുന്നു എന്നു മേല്പറഞ്ഞ

ആറം }
മമ്പാകെ }

ഒപ്പും മുദ്രയും വെച്ചുകൊടുക്കപ്പെട്ടു.
ഇതിനു സാക്ഷി.

൧.
൨.

൬. അനുബന്ധം.

തിരുവനന്തപുരത്തെ ട്രെയിനിങ് കാളേജ്.

ചേർക്കുന്നതിനുള്ള അപേക്ഷ.

൧. അപേക്ഷകന്റെ പൂർണ്ണമായ പേര്.
൨. അപേക്ഷകന്റെ പതിവായ ഒപ്പു.
൩. അമ്മയുടേയൊ അഛന്റേയൊ രക്ഷാകർത്താവിന്റേയൊ പേരും മേൽവിലാസവും തൊഴിലും.
൪. ജനന തീയതി.
൫. ജനന സ്ഥലം.
൬. ജാതിയൊ മതമൊ.
൭. അപേക്ഷകന്റെ നാട്ടുഭാഷാ.
൮. മുൻപിൽ പഠിച്ചിരുന്ന പാഠശാലയുടേയും കാളേജിന്റേയും വിവരം, അവയിൽ ഓരോന്നിലും പഠിച്ച കാലവും.
൯. യോഗ്യതകൾ.
൧൦. അപേക്ഷകൻ വല്ല പള്ളിക്കൂടത്തിലും വാദ്ധ്യാരായിരുന്നിട്ടുണ്ടെന്നുവരുകിൽ അവയുടെ പേരും അവയിൽ ഓരോന്നിൽ വാദ്ധ്യാരായിരുന്ന കാലവും.
൧൧. അപേക്ഷകൻ വാദ്ധ്യാരായിട്ടല്ലാതെ വല്ല സമയത്തും മററവല്ല ജീവനത്തിലും ഇരുന്നിട്ടുണ്ടൊ എന്നും അങ്ങിനെ ഉണ്ടായിരുന്നു എങ്കിൽ എന്തു ജോലിയിൽ എത്രകാലത്തേയ്ക്കു ഇരുന്നു എന്നും.
൧൨. ഏതു പാഠപദ്ധതിക്കു ചേരണമെന്നു. ഗ്രാഡ്യുവേററായിരുന്നാൽ എൽ. ടി. ഡിഗ്രി പാഠത്തിനു പഠിച്ചിരുന്ന വിശേഷാൽ വിഷയം.
൧൩. അപേക്ഷകനു വല്ലമാനേജരുടേയും പക്കൽനിന്നു സ്റ്റൈപ്പൻസ് കിട്ടുന്നുണ്ടൊ ഉണ്ടെങ്കിൽ ആ മാനേജരുടെ പേരും മേൽവിലാസവും സ്റ്റൈപ്പൻസ് തുകയും.

മാനേജർ എഴുതികൊടുക്കേണ്ട

പ്രതിജ്ഞാപത്രം

